


# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

## 5. ധാർമ്മിക മൂല്യങ്ങൾ

സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം

5 ധാർമ്മിക മൂല്യങ്ങൾ . . . . . . . . . . . . . . . . . . . . . 1

# 5

# ധാർമ്മിക മൂല്യങ്ങൾ

# രണ്ട്

ഒന്നാം ലോക മഹായുദ്ധത്തിന്റേയും റഷ്യയിലെ തൊഴിലാളി വിപ്ലവത്തിന്റെയും സാർവദേശീയ പ്രത്യാഘാതങ്ങൾ, അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ ആവിർഭാവം, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാരംഭിച്ച നിസ്സഹകരണ പ്രസ്ഥാനം, ഇതിന്റെയെല്ലാം ഫലമായി നമ്മുടെ ദേശീയപ്രസ്ഥാനത്തിൽ പുതിയൊരു മുന്നേറ്റമുണ്ടായി. സ്വാതന്ത്ര്യ സമരത്തിന്റെ ഊക്കും ഊർജ്ജസ്വലതയും വർദ്ധിച്ചു. അതോടൊപ്പം തന്നെ മെല്ലെ, മെല്ലെ തൊഴിലാളി വർഗത്തിന്റേതായ പുതിയ ധാർമ്മിക മൂല്യങ്ങളും ആവിർഭവിച്ചു.

ഒരു ഭാഗത്ത് കൊളോണിയലിസത്തിന്റെ ആശയ സംഹിതകൾ, മറുഭാഗത്ത് രാഷ്ട്രീയ പ്രവർത്തനങ്ങളെ മാനുഷീകരിക്കണമെന്നാഹ്വാനം ചെയ്ത മഹാത്മാഗന്ധിയുടെ സാന്മാർഗിക സിദ്ധാന്തങ്ങൾ, മർദ്ദിതവർഗ്ഗക്കാർക്കിടയിൽ പരന്നുപിടിക്കാൻ തുടങ്ങിയ തൊഴിലാളിവർഗ്ഗചിന്താഗതികൾ, എല്ലാറ്റിനുമടിയിൽ ജനങ്ങളുടെ ഹൃദയങ്ങളിൽ ഊറിപ്പിടിച്ചുകിടന്ന മനുഷ്യസ്നേഹപരമായ ധാർമ്മിക മൂല്യങ്ങൾ ഇങ്ങനെ വ്യത്യസ്തങ്ങളായ ധാർമ്മിക മൂല്യങ്ങളുടെ സംഘടനകളിലൂടെയാണ് ദേശീയ പ്രസ്ഥാനം മുന്നേറിയത്.

## ഇന്ത്യ മുതലാളിത്തത്തിലേക്ക്

ഒടുവിൽ, ഇന്ത്യാ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തെ ഉത്ഘാടനം ചെയ്ത ആഗസ്റ്റ് 15! ബ്രിട്ടീഷ് ഭരണം അവസാനിച്ചു. ഇന്ത്യ സ്വതന്ത്രമായി. സാമ്പത്തിക വികസനത്തിനും ദേശീയ പുനർ നിർമാണത്തിനുമുള്ള പരിപാടികളാവിഷ്ക്കരിക്കപ്പെട്ടു. വൻകിട ജലസേചന പദ്ധതികൾ, ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ, ഗതാഗത സൗകര്യങ്ങൾ, ആധുനിക ഫാക്ടറികൾ, ഘന വ്യവസായങ്ങൾ-ഇന്ത്യയുടെ മുഖച്ഛായ ആകെ മാറ്റി മറിച്ച ഈ നിർമ്മാണ പദ്ധതികൾ പട്ടണങ്ങളിലെന്നപോലെതന്നെ ഉൾനാടുകളിലും വൻപിച്ച പരിവർത്തനങ്ങൾ ഉണ്ടാക്കി. ജനങ്ങളുടെ ജീവിത രീതി മാറി. ചിന്താഗതികൾ മാറി. അതോടെ പഴയ ധാർമ്മിക മൂല്യങ്ങളെല്ലാം ചോദ്യം ചെയ്യപ്പെട്ടു.

ഇന്ത്യയിലെ സാമ്പത്തിക വികസന പദ്ധതികൾ നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ അടിത്തറ ഉറപ്പിക്കാനും സാമ്പത്തിക സ്വാതന്ത്ര്യം കെട്ടിപ്പടുക്കാനും, സാമ്രാജ്യാധിപത്യത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങളെ നീക്കം ചെയ്യാനും സാമൂഹികവും സാംസ്കാരികവുമായ പുരോഗതി നേടാനും സഹായിക്കുന്ന പരിപാടികൾ ആണ്, സംശയമില്ല. എന്നാൽ, മുതലാളിത്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തികാസൂത്രണ പരിപാടികൾ നടപ്പിൽ വരുത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. അടിസ്ഥാന ഘന വ്യവസായങ്ങളിൽ പോലും സ്വകാര്യ സ്വത്തുടമയ്ക്ക് സ്ഥാനം നൽകപ്പെട്ടു. വൻകിട ബാങ്കുകളും, കമ്പോള ചൂതാട്ടങ്ങളും, തൊഴിലാളികളെ ചൂഷണം ചെയ്ത് ലാഭമടിക്കാനും ചരക്കുകളുടെ വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കാനുമുള്ള സ്വാതന്ത്ര്യങ്ങളും, സ്വകാര്യ മുതലാളികളുടെ പണപ്പെട്ടികളെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം വീർപ്പിച്ചു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച അനുദിനം വർദ്ധിക്കാൻ തുടങ്ങി. ഈ മുതലാളിത്തോൽപ്പാദന രീതിയുടെ അവിഭാജ്യ ഭാഗമെന്ന നിലയ്ക്ക് ജനഹൃദയങ്ങളിൽ അസംതൃപ്തി കൊടുമ്പിരികൊണ്ടു. സാമൂഹ്യ ജീവിതത്തിലെ സൗഹൃദ ബന്ധങ്ങളെ "കണപ'യുടെ കണക്കു കൂട്ടലുകൾ താറുമാറാക്കി. 1847-ൽ തന്നെ മുതലാളിത്തം സാമൂഹ്യ ജീവിതത്തിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളെപ്പറ്റി മാർക്സും ഏംഗൾസും ഇങ്ങനെ എഴുതുകയുണ്ടായി.

'മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയ ശൂന്യമായ രൊക്കം പൈസയൊഴികെ മറ്റൊരു ബന്ധവും അത് ബാക്കി വച്ചില്ല, മതപരമായ ഭക്തി പാരവശ്യത്തിന്റെയും, വീരോചിതമായ ആർത്തത്രാണപരായണത്തിന്റെയും പണ്ഡിതമാന്യന്മാരുടെ സഹൃദയത്വത്തിന്റെയും ദിവ്യമായ ആനന്ദ നിർവൃതിയെ അത് കടുത്ത ദുരയുടെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിപരമായ യോഗ്യതകളെ അത് 'കണപ' യാക്കിമാറ്റി… … ചുരുക്കിപ്പറഞ്ഞാൽ മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ സ്ഥാനത്ത് അത് നഗ്നവും നിർലജ്ജവും മൃഗീയവുമായ ചൂഷണം നടപ്പിലാക്കി'.

## സ്വതന്ത്ര ഭാരതത്തിലെ ധാർമ്മികാധഃപതനം

മുതലാളിത്തത്തിൽ മനുഷ്യൻ ലക്ഷ്യമല്ല, മാർഗമാണ്. മുതലാളി പണം സമ്പാദിക്കുന്ന ഒരു ഉപകരണം തൊഴിലാളി വെറുമൊരു ഉൽപാദന ഉപകരണവും! തൊഴിലാളിയുടെ ജീവിതമല്ല, ചൂഷണം ചെയ്യപ്പെട്ട ലാഭമുൽപ്പാദിപ്പിക്കാനുമുള്ള അവന്റെ കഴിവാണ് പ്രധാനം. വ്യവസായം, വാണിജ്യം, സാമൂഹ്യ സ്ഥാപനങ്ങൾ- എല്ലാത്തിനും ഒരു ഒറ്റ ലക്ഷ്യമേ ഉള്ളു ലാഭം! എത്രത്തോളം പണം സമ്പാദിക്കുന്നുവോ അത്രത്തോളമാണ് മാന്യത. സ്വത്തുക്കളെകൊണ്ടാണ് മനുഷ്യൻ അളക്കപ്പെടുന്നത്.

ഈ വ്യവസ്ഥയിൽ ഒരറ്റത്ത് സ്വത്തുക്കളും മറ്റേ അറ്റത്ത് ദാരിദ്ര്യവും കടന്നുകൂടുന്നു. നടുക്കുള്ളവരാകട്ടെ വ്യക്തിപരമായി സ്വത്തുസമ്പാദിക്കാനുള്ള ഉത്കണ്ഠയാലും നാളയെ പറ്റിയുള്ള മനോരാജ്യത്താലും അസ്വസ്ഥരായി തീരുന്നു.

സ്വാർത്ഥം, ദുര, അഴിമതി, കോഴ, മത്സരം, കരിഞ്ചന്ത- ഇവയെല്ലാം വ്യക്തികളുടെ വളർച്ചയ്ക്കുള്ള ഉപകരണങ്ങളായി തീരുന്നു. ഈശ്വര പൂജപോലും ധനപൂജയുടെ മൂടുപടമായി മാറുന്നു.

വ്യവസായത്തിന് ലൈസൻസ് വേണോ, കടലാസ് വേഗം നീങ്ങണോ, ഉദ്യോഗസ്ഥന്റെ കൈ മടക്കുക: ഉദ്യോഗം കിട്ടണോ, പണമിറക്കുക, വിദ്യാലയത്തിൽ പ്രവേശനം വേണോ, പരീക്ഷയിൽ ഒന്നാമതായി പാസാകണോ, കൈക്കൂലി കൊടുക്കുക, അദ്ധ്യാപക ജോലി വേണോ, മാനേജരുടെ ബാങ്ക് അക്കൗണ്ട് വർദ്ധിപ്പിക്കുക; രോഗം മാറണോ ഡോക്ടർക്ക് പണം കൊടുക്കു. അഴിമതി കുറ്റത്തിൽ നിന്ന് രക്ഷപ്പെടണോ, അഴിമതി നിവാരണ ഉദ്യോഗസ്ഥനെ തൃപ്തിപ്പെടുത്തുക — മദ്യവർജ്ജന മേഖലകളിൽ കള്ളുണ്ടാക്കണോ, പൊലീസിനു കൈക്കൂലി കൊടുക്കുക — എല്ലാം വ്യക്തിയുടെ ഉയർച്ചയ്ക്കുവേണ്ടിയാണ്!

ഭക്ഷണ സാമഗ്രികളിൽ മായം ചേർക്കാം, ആട്ടിറച്ചിയെന്നു പറഞ്ഞ് പട്ടിയിറച്ചി വിൽക്കാം, കരിഞ്ചന്ത നടത്താം, കള്ളനോട്ടടിക്കാം, മനുഷ്യ മാംസ വിൽപനയ്ക്കുള്ള വ്യഭിചാര ശാലകൾ നടത്താം. കള്ള മദ്യം വാറ്റാം — പണമുണ്ടാക്കാൻ കഴിയുമോ എന്ത് ബീഭത്സതയുമാവാം.

യാതൊന്നിനുമില്ല രക്ഷ-ക്ഷേത്രങ്ങൾ, പള്ളികൾ, സന്ന്യാസി മഠങ്ങൾ, ഗാന്ധി സ്മാരക നിധികൾ, സാഹിത്യ സംഗീത അക്കാഡമികൾ, നിയമ സഭാ സാമാജികത്വം, മന്ത്രിസ്ഥാനം, കമ്മിറ്റികൾ, സർവകലാശാലകളിലെ സിൻഡിക്കേറ്റുകൾ, ധാർമ്മിക മൂല്യങ്ങളെ പറ്റിയുള്ള പ്രസംഗ പരിപാടികൾ എല്ലാം വ്യക്തികൾക്ക് പണമുണ്ടാക്കാനുള്ള ഉപകരണങ്ങളാണ്!

## ഇതാണ് മുതലാളിത്തം!

ഉരുക്കു നിർമാണ ശാലകളുടെയും യന്ത്ര നിർമാണ ഫാക്ടറികളുടെയും ചൂളം വിളികൾ മുഴങ്ങുന്നു. ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനുകൾ പ്രകാശം പൊഴിക്കുന്നു. സർവകലാശാലകൾ അഭ്യസ്തവിദ്യരെ പടച്ചുവിടുന്നു. പക്ഷേ, വെളിച്ചമെവിടെ? 'സത്യമേവ ജയതേ' എന്ന കൊടിയടയാളത്തിന്റെ മറവിൽ ആയിരം കപട നാട്യങ്ങൾ പത്തി വിരുത്തി പതിയിരിക്കുന്നു! ആത്മാവിന്റെ രോഗം മൂർച്ഛിക്കുകയും പടർന്നു പിടിക്കുകയും ചെയ്യുന്നു. അവനും ഇവനും മറ്റവനും കോഴ വാങ്ങി തടിക്കുമ്പോൾ ഞാൻ മാത്രം അരിഷ്ടിച്ച് നല്ലവനാകുന്നതെന്തിന്?

എന്നാൽ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന ഈ തത്വശാസ്ത്രത്തിന്റെ കൈ പിടിച്ചുകൊണ്ട് സമുദായത്തിലെ എല്ലാ വ്യക്തികൾക്കും ഉയരാൻ സാധിക്കുന്നില്ല. മേലേക്കിടയിലുള്ള ന്യൂനപക്ഷം തടിച്ചുകൊഴുക്കുകയും ഭൂരിപക്ഷക്കാരായ വ്യക്തികൾ പാപ്പരത്തത്തിലേക്ക് മുതല കൂപ്പുകുത്തുകയുമാണ് ചെയ്യുന്നത്.

ഈ സാഹചര്യത്തിൽ ധാർമ്മിക മൂല്യങ്ങൾ ഇടിയുകയും വിശ്വാസ രാഹിത്യം പരന്നുപിടിക്കുകയും ചെയ്യുന്നു. 'ഓരോരുത്തരും അവനവനുവേണ്ടി' എന്ന കാടൻ നിയമം മനുഷ്യ ഹൃദയങ്ങളിൽ ആധിപത്യം വഹിക്കാൻ തുടങ്ങുന്നു.

## കാടൻ നിയമങ്ങളുടെ സാഹചര്യങ്ങൾ

മനുഷ്യൻ സ്വന്തം ഇഷ്ടത്തിന് പട്ടിണിയെയും തൊഴിലില്ലായ്മയെയും അടിമത്തത്തെയും അപമാന ഭാരത്തെയും തിരഞ്ഞെടുക്കാറില്ല. വർഗവ്യത്യാസങ്ങളെ നിലനിർത്തുന്ന സാമൂഹ്യബന്ധങ്ങളിൽ നിന്നാണ് ഇത്തരം കളങ്കങ്ങൾ ഉയർന്നു വരുന്നത്. ഉദാഹരണത്തിന്, മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയെ തന്നെ എടുക്കാം. മുതലാളിത്തത്തിൽ ഒരു വിഭാഗം ജനങ്ങൾ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ യജമാനന്മാരും മറ്റൊരു വിഭാഗം ജനങ്ങൾ കൂലിവേലക്കാരായ അടിമകളുമാണ്. കൂലിവേലക്കാരന് തന്റെ അദ്ധ്വാന ശക്തിയെ വിൽക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ട്. അത് വാങ്ങാനോ വാങ്ങാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യം മുതലാളിക്കും ഉണ്ട്. ഈ സാമൂഹ്യ വ്യവസ്ഥയിൽ മനുഷ്യൻ മർദ്ദിക്കപ്പെടുന്നു, ചൂഷണം ചെയ്യപ്പെടുന്നു. അപമാനിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്നു. യന്ത്രങ്ങൾ ചലിക്കുന്നത് സാന്മാർഗിക ജീവിതത്തെ ഉയർത്താനല്ല. അവയുടെ ഉടമസ്ഥന്മാർക്കും ലാഭം കിട്ടാനാണ്. ഈ വ്യവസ്ഥയിൽ അസംസ്കൃത സാമഗ്രികൾ, തൊഴിലാളികളുടെ അദ്ധ്വാന ശക്തി, യന്ത്രങ്ങൾ, യന്ത്രങ്ങൾ ഉൽപാദിപ്പിക്കുന്ന ഉപഭോഗ സാമഗ്രികൾ എല്ലാം കച്ചവടച്ചരക്കുകളാണ്. മനുഷ്യന്റെ വ്യക്തിത്വം പോലും കൊള്ളക്കൊടുക്കയ്ക്കുപയോഗിക്കുന്നു, സ്നേഹം, സൗന്ദര്യം, ബുദ്ധി, ധീരത, കല എല്ലാത്തിനും കയറ്റമിറക്കങ്ങൾക്ക് വിധേയമായ മാർക്കറ്റ് വിലകൾ ഉണ്ട്. പട്ടിണി, ദാരിദ്ര്യം, ജാതി മേധാവിത്വം, ഉച്ചനീചത്വങ്ങൾ, ദേശീയ മർദ്ദനം, വർഗ ചൂഷണം, സാമൂഹ്യ സമത്വങ്ങൾ മനുഷ്യ സത്തയെ നിഷേധിക്കുകയും വ്യക്തിത്വത്തെ വരിഞ്ഞുകെട്ടുകയും സാന്മാർഗിക മൂല്യങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന മൃഗീയ സാഹചര്യങ്ങളാണിവ. ഈ സാഹചര്യങ്ങളിൽ പാവനങ്ങളെന്നു കരുതപ്പെട്ടുപോന്ന മൂല്യങ്ങൾ തകരുന്നു, മനുഷ്യത്വം മൃഗീയതയുടെ സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും കീഴ്പ്പെടുന്നു. വ്യക്തിയുടെ ജീവിതത്തിനൊരു ലക്ഷ്യമില്ലാതായി തീരുന്നു.

## ഭൂതകാലത്തിന്റെ ആരാധകന്മാർ

ഈ സ്ഥിതി മാറ്റാൻ കഴിയില്ലെ? മനുഷ്യത്വത്തിന് മൃഗീയതയെ കീഴടക്കാൻ കഴിയില്ലെ? എന്താണ് പോംവഴി?

പലരും പലതരത്തിലുള്ള പോംവഴികളാണ് നിർദ്ദേശിക്കുന്നത്.

ഭാവിയുടെ നേർക്കു നോക്കാൻ ഭയപ്പെടുന്നവരുടെ നിർദ്ദേശം ഭൂതകാലത്തിലേക്ക് തിരിച്ചുപോകണമെന്നാണ്. പഴയ ധാർമ്മിക മൂല്യങ്ങളെ വീണ്ടെടുക്കണമെന്ന് അവർ ആഹ്വാനം ചെയ്യുന്നു. എന്താണ് ഈ പഴയ ധാർമ്മിക മൂല്യങ്ങൾ? നാൽപതു കോടി മനുഷ്യരെ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ അടിമത്തത്തിലിട്ട് ഞെരുക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ധാർമ്മിക മൂല്യങ്ങളാണോ? അയിത്തത്തിന്റെയും ജാതിമേധാവിത്വത്തിന്റെയും പാട്ടവ്യവസ്ഥയുടെയും അടിത്തറയെ നിലനിർത്തിപോന്ന കർമ്മ സിദ്ധാന്തത്തിന്റെ ഫ്യൂഡൽ ധാർമ്മിക മൂല്യങ്ങളാണോ? സമുദായത്തിന്റെ മുകൾത്തട്ടിലുള്ള ബ്രാഹ്മണ ദ്വിവർണങ്ങളുടെ ചവിട്ടടിയിൽ കിടന്ന് ദാസ്യവേല ചെയ്യുക എന്നതല്ലാതെ മറ്റൊരു ധർമ്മവും ശൂദ്രന്മാർക്കില്ല എന്ന് പ്രഖ്യാപിച്ച ചാതുർവർണ്യത്തിന്റെ ധാർമ്മിക മൂല്യങ്ങളാണോ? അത്ഭുതമെന്ന് പറയട്ടെ ആ വർണ വ്യവസ്ഥയെ പുനർജ്ജീവിപ്പിക്കണമെന്ന് വാദിക്കുന്ന ചിലരെങ്കിലും ഇന്നും നമ്മുടെ ഇടയിൽ ഉണ്ട്. ഉദാഹരണത്തിന് ആധുനിക പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധത്തിൽ പ്രാചീന ചാതുർവർണ്യ വ്യവസ്ഥയെ പുനഃസ്ഥാപിച്ചാൽ മാത്രമേ സാമൂഹ്യ ജീവിതത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളെ തുടച്ചുനീക്കാൻ കഴിയൂ എന്ന് ശ്രീ കെ.എം. മുൻഷി 'ഭവാൻസ് ജേണൽ' എന്ന തന്റെ മാസികയിൽ എഴുതുകയുണ്ടായി. പഠിപ്പും ജ്ഞാനവുമുള്ള മേൽത്തട്ടുകാർ ഭരണം നടത്തണമെന്നും അടിത്തട്ടിലുള്ള ഭൂരിപക്ഷക്കാർ കായികാധ്വാനത്തിൽ മാത്രമേ ശ്രദ്ധിക്കാവൂ എന്നും ഈ അടിസ്ഥാനത്തിൽ ഓരോ ജനവിഭാഗത്തിനും നിർദ്ദിഷ്ടങ്ങളായ നിശ്ചിത കർമ്മങ്ങളുണ്ടായിരിക്കണമെന്നും മറ്റുമാണദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ. എന്നാൽ സോഷ്യലിസ്റ്റ് ആശയങ്ങൾ അതിവേഗം പരന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടം ചരിത്രത്തിന്റെ ചക്രങ്ങളെ പിന്നോട്ട് പിടിച്ച് തിരിക്കാൻ വെമ്പൽകൊള്ളുന്നവരുടെ ഇത്തരം അഭിപ്രായങ്ങൾ ഊളമ്പാറയിൽ നിന്നോ കുതിരവട്ടത്തുനിന്നോ പുറപ്പെടുന്നവയായിട്ടേ ആളുകൾ കണക്കാക്കുകയുള്ളു.

## മതവിശ്വാസങ്ങളും ധാർമ്മിക മൂല്യങ്ങളും

സയൻസിന്റെ നേട്ടങ്ങളും ഭൗതിക ജീവിതത്തിന്റെ അഭിവൃദ്ധിയുമാണ് മനുഷ്യനെ ചീത്തയാക്കുന്നതെന്നും ഐഹിക സുഖങ്ങളും പ്രാപഞ്ചിക വ്യവഹാരങ്ങളുമെല്ലാം ഉപേക്ഷിച്ച് ആദ്ധ്യാത്മിക ജീവിതത്തിന്റെ ഗുഹകളെ അഭയം പ്രാപിച്ചാൽ മനുഷ്യൻ നന്നാവുമെന്നും കരുതുന്നവരുണ്ട്. പക്ഷേ, എല്ലാമനുഷ്യരും ഭൗതിക ജീവിതത്തിൽ നിന്നും വിരമിച്ചാൽ പിന്നെ ലോകത്തിന്റെ സ്ഥിതി എന്താകും? ഭൗതിക വസ്തുക്കളുടെ ഉൽപാദന വിതരണങ്ങൾ അമ്പേ നിലച്ചുപോയാൽ പിന്നെ ആദ്ധ്യാത്മിക മനുഷ്യന് വിശപ്പടക്കാൻ എവിടെ നിന്നാണ് ഭക്ഷണം കിട്ടുക. കാട്ടിൽ കായ്കനികളുണ്ടെന്നോ? എല്ലാ മനുഷ്യരും കാടുകളിൽ എത്തിയാൽ കായ്കനികൾ തികയാതെ വരുകില്ലെ? എന്നല്ല പട്ടണങ്ങളും ഗ്രാമങ്ങളും ഉപേക്ഷിച്ച് ആദ്ധ്യാത്മികതയെ തേടി കാടുകളെയോ ഗുഹകളെയോ അഭയം പ്രാപിക്കുന്ന സ്ത്രീ പുരുഷന്മാർ തങ്ങളുടെ കൂടെ സ്വന്തം ചീത്തത്തങ്ങളുടെ മാറാപ്പുകൾ കൂടി ഏറ്റിക്കൊണ്ട് പോവുകയും അങ്ങിനെ പ്രകൃതിയുടെ ഗുഹകളിലും ദുർഗന്ധം പരത്തുകയും ചെയ്യില്ലെന്നതിന് എന്താണുറപ്പ്. പോകട്ടെ, കാടുകളും ഗുഹകളുമല്ലല്ലോ ഇവിടെ പ്രശ്നം. സാമൂഹിക ജീവിയായ മനുഷ്യൻ നന്നാവുമോ എന്ന പ്രശ്നത്തിനാണ് പരിഹാരം കാണേണ്ടത്.

മതവിശ്വാസങ്ങളുടെ കുറവാണ് ധാർമ്മിക മൂല്യങ്ങളുടെ അപചയത്തിന് കാരണമെന്ന് മറ്റു ചിലർ വാദിക്കുന്നു. മതസിദ്ധാന്തങ്ങളെ വെല്ലുവിളിച്ച മനുഷ്യാത്മാക്കളെ കുരിശിൽ തറച്ചു കൊല്ലുകയും ശാസ്ത്രജ്ഞന്മാരെ ജീവനോടെ ചുട്ടുകരിക്കുകയും സമുദായത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും ചതിക്കുണ്ടിലേക്ക് തള്ളുകയും കുടിയാന്മാരുടെ കുപ്പമാടങ്ങൾക്ക് തീവെയ്ക്കുകയും കാർഷിക തൊഴിലാളികളെ ഉന്തി തെങ്ങിൻമേൽ കെട്ടി അടിക്കുകയും മെയ്യനക്കാതെ ജോലി സ്വസ്ഥമായി കഴിയുന്ന ഭൂപ്രഭുക്കളുടെ മണി സൗധങ്ങൾക്ക് കാവൽ നിൽക്കുകയും ചെയ്ത മദ്ധ്യകാലത്തെ മത പൗരോഹിത്യത്തെ പുനർജ്ജീവിപ്പിക്കണമെന്ന് ഒരു പക്ഷേ, അവരാഗ്രഹിക്കുന്നുണ്ടാകില്ല. ദൈവത്തിൽ വിശ്വസിക്കുക, അമ്പലങ്ങളിലും പള്ളികളിലും ആരാധനകൾ നടത്തുക, വഴിപാടുകൾ കഴിക്കുക, ഉത്സവങ്ങൾ നടത്തുക, തീർത്ഥാടനങ്ങൾ ചെയ്യുക, പരേതരുടെ ആത്മാക്കൾക്ക് പിണ്ഡം വയ്ക്കുക, മതചടങ്ങുകളും മതാചാരങ്ങളും പാലിക്കുക, പുരോഹിതന്മാർക്കും സന്ന്യാസിമാർക്കും സംഭാവനകൾ കൊടുക്കുക മുതലായവ കൊണ്ട് അവർ തൃപ്തിപ്പെട്ടേക്കാം. എന്നാൽ ഇത്തരം മതചടങ്ങുകൾക്കും ഇന്ന് വല്ല കുറവുണ്ടോ? കരിംചന്തയിലും അഴിമതിയിലും കോഴയിലും മുഴുകി കഴിയുന്ന പ്രമാണികൾ തങ്ങളുടെ അന്യായമായ സമ്പാദ്യങ്ങളുടെ ചെറിയൊരംശം ദൈവങ്ങൾക്ക് കാഴ്ചവെയ്ക്കാൻ മടിക്കാറുണ്ടോ? ഭാവിയെപ്പറ്റി ഒരെത്തുംപിടികിട്ടാതെ വേവലാതിപ്പെടുന്ന പതിനായിരക്കണക്കിലുള്ള സാധാരണക്കാർ ദൈവങ്ങളുടെ കാരുണ്യത്തിനുവേണ്ടി കെഞ്ചാറില്ലെ? ഉദ്യോഗം കിട്ടാനും പരീക്ഷ പാസ്സാകാനും, സന്താനമുണ്ടാവാനും, രോഗം മാറാനും മറ്റും മറ്റും വേണ്ടി വഴിപാടുകൾ കഴിക്കുന്നവരുടെ മതബോധം ക്ഷേത്രങ്ങളിലേക്കും പള്ളികളിലേക്കും ഭണ്ഡാരപെട്ടികളെ നിറച്ചുകൊണ്ടിരിക്കുന്നില്ലേ? ഗുരുവായൂരപ്പനെ പ്രസാദിപ്പിക്കാൻ പോകുന്ന ഭക്തജനങ്ങളുടെയും ശബരിമല കയറുന്ന ശരണം അയ്യപ്പൻമാരുടെയും എണ്ണം കൊല്ലം തോറും വർദ്ധിച്ചുവരികയല്ലേ? എന്നിട്ടോ? ധാർമ്മിക മൂല്യങ്ങളും സാന്മാർഗിക ബോധവും വളരുന്നുണ്ടോ? ലക്ഷക്കണക്കിനുറുപ്പികയുടെ ബാങ്ക് അക്കൗണ്ടുകളും നോക്കെത്താ ഭൂസ്വത്തുക്കളും വിലമതിക്കാനാവാത്ത സ്വർണ പണ്ടങ്ങളും കൈകാര്യം ചെയ്യുന്ന അനവധി മഠാധിപതികളും സ്വാമിജിമാരും രാജ്യത്ത് അങ്ങോളമിങ്ങോളം നിത്യേന യാതൊരു ലോഭവും കൂടാതെ മതവിശ്വാസങ്ങളെ എടുത്ത് വാരിവിതറിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, മനുഷ്യൻ നന്നായോ?

പള്ളിക്കൂടങ്ങളിലെ പാഠ്യ പദ്ധതികളിൽ മതസംബന്ധിയായ വിഷയങ്ങൾക്കും സാന്മാർഗ പ്രബോധനങ്ങൾക്കും കൂടുതൽ സ്ഥാനം നൽകണമെന്നാണ് മറ്റൊരു കൂട്ടർ ആവശ്യപ്പെടുന്നത്. മതവിഷയങ്ങൾക്ക് തീരെ സ്ഥാനം അനുവദിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ഉണ്ടാവാൻ തരമില്ല. കൂടുതൽ സ്ഥാനം അനുവദിക്കണമെന്നേ അവർ വാദിക്കുന്നുള്ളു. കുട്ടികളിൽ സാന്മാർഗിക ബോധം ഉളവാക്കണമെന്ന ആവശ്യത്തിൽ യാതൊരു തെറ്റുമില്ല. പക്ഷേ, ആർക്കാണ് സാധിക്കുക? കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനും അധ്യാപക നിയമനത്തിനുമെല്ലാം കോഴ വാങ്ങുന്നതിനെയും വിദ്യാഭ്യാസത്തെ തന്നെ ഒരു കച്ചവടച്ചരക്കായി മാറ്റുന്നതിനെയും ശരിവയ്ക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയിൽ ധാർമ്മിക മൂല്യങ്ങളെ പറ്റിയുള്ള പ്രഭാഷണങ്ങൾക്ക് എന്ത് വിലയാണുണ്ടാവുക?

ധാർമ്മികാധഃപതനം ബുദ്ധിയുടെ വൈകല്യമല്ല. ആത്മാവിന്റെ രോഗമാണ്. ആദ്യം ചികിത്സിക്കേണ്ടത് രോഗിയെയല്ല വൈദ്യനെ ആണുതാനും.

ജീവിതത്തിന് ഒരു ലക്ഷ്യമില്ലാതായിത്തീരുന്നതുകൊണ്ടാണ് ധാർമ്മികാധഃപതനം സംഭവിക്കുന്നത് എന്ന് വേറെ ചിലർ വാദിക്കുന്നു, ഒറ്റ നോട്ടത്തിൽ ഇതിലൊരു ശരിയുണ്ട്. ചുഴിഞ്ഞുനോക്കിയാലോ? ജീവിതലക്ഷ്യമില്ലാതായിത്തീരുന്നതു തന്നെ ധാർമ്മികാധഃപതനത്തിന്റെ ഫലമായിട്ടല്ലേ?

## സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ധാർമ്മിക ബോധം

സ്വാതന്ത്ര്യം വെറുമൊരാശയം, അല്ലെങ്കിൽ ലക്ഷ്യം മാത്രമായിരുന്ന കാലത്ത് അതിന് ജനകോടികളെ ആവേശം കൊള്ളിയ്ക്കാനുള്ള കഴിവുണ്ടായിരുന്നു. ആ ലക്ഷ്യത്തെ ഒരു പ്രായോഗിക യാഥാർത്ഥ്യമാക്കി മാറ്റേണ്ട ഘട്ടമെത്തിയപ്പോഴാണ് കുഴപ്പമുണ്ടായത്.

ബ്രിട്ടീഷ് ഭരണത്തിനെതിരായ സമരം ചില തിന്മകളെ നീക്കം ചെയ്യാനും അവയുടെ സ്ഥാനത്ത് ചില നന്മകളെ പ്രതിഷ്ഠിക്കാനും വേണ്ടിയുള്ള സമരമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയെ തടഞ്ഞു നിർത്തുകയും ഭൂരിപക്ഷക്കാരായ ജനങ്ങളെ പാപ്പരത്വത്തിലേക്ക് പിടിച്ച് തള്ളുകയും ചെയ്തു. പട്ടിണി , പകർച്ചവ്യാധി, കഷ്ടപ്പാട്, ചൂഷണം, ക്ഷാമം, നിരക്ഷരത, സാംസ്കാരികാധഃപതനം ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ദേശീയ മർദ്ദനം ഇതായിരുന്നു ബ്രിട്ടീഷ് ഭരണം. ഈ ദോഷങ്ങളൊന്നുമില്ലാത്ത പുതിയൊരു സാമൂഹ്യ വ്യവസ്ഥയായിരുന്നു സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിന്റെ ഉള്ളടക്കം. അതുകൊണ്ടാണത് നമ്മുടെ ദേശീയ വികാരങ്ങൾക്ക് മുറുക്കം കൂട്ടിയത്. നിയമ ലംഘന പ്രസ്ഥാനങ്ങൾ, നിരാഹാര സത്യാഗ്രഹങ്ങൾ, ഭീകര പ്രസ്ഥാനത്തിന്റെ ആത്മത്യാഗങ്ങൾ സംഘട്ടനങ്ങളും വെടിവയ്പ്പുകളും, തുറുങ്കുകൾ, തൂക്കുമരങ്ങൾ — ഈ യാതനകളിലും വേദനകളിലും ആത്മാഭിമാനത്തിന്റെ അനിർവചനീയമായ ഒരു ആനന്ദം കളിയാടിയിരുന്നു. ആത്മത്യാഗംകൊണ്ട് രാജ്യത്തിന്റെ മുറിവുണക്കുക, നാൽപ്പത് കോടി ജനങ്ങളുടെ സുഖത്തിനുവേണ്ടിയുള്ള സമരത്തിലാണ് സ്വന്തം സുഖം സ്ഥിതിചെയ്യുന്നത് എന്ന പരമസത്യത്തെ കണ്ടെത്തുക ഇതിലും വലിയ ഒരു ധർമ്മബോധമുണ്ടോ?

അടിമത്തവും ചൂഷണവും അവസാനിപ്പിച്ച് പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു സ്വതന്ത്ര രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചുള്ള മധുരസ്വപ്നങ്ങളുമായിട്ടാണ് പതിനായിരക്കണക്കിലുള്ള ജനങ്ങൾ തടങ്കൽ പാളയങ്ങളിലേക്കും തൂക്കുമരങ്ങളിലേക്കും കാലിടറാതെ മാർച്ച് ചെയ്തത്. മറ്റൊരു വിധം പറഞ്ഞാൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള രാഷ്ട്രീയ സമരങ്ങളിലടങ്ങിയ ഉൽകൃഷ്ടങ്ങളായ ധാർമ്മിക മൂല്യങ്ങളാണ് ജനങ്ങളെ ജനലക്ഷങ്ങളെ അവയിലേക്ക് ആകർഷിച്ചത്. അനീതി കാണുമ്പോൾ അസഹിഷ്ണുത, ക്രൂരതയോടും സ്വാർത്ഥതാൽപ്പര്യത്തോടുമുള്ള വെറുപ്പ്, സേവന മനോഭാവം, താഴ്ന്നവരോടുള്ള അനുകമ്പ, അടിച്ചമർത്തപ്പെട്ടവരെ പിടിച്ചുയർത്താൻ വേണ്ടി എന്ത് ത്യാഗവും ചെയ്യാനാവശ്യമായ മനോധൈര്യം ഇങ്ങനെ ദേശീയ വിമോചന പ്രസ്ഥാനത്തിൽ ഉജ്ജ്വലമായ മനുഷ്യ സ്നേഹത്തിന്റെ ഉത്തമ പാരമ്പര്യങ്ങൾ അലിഞ്ഞു ചേർന്നിരുന്നു.

# മൂന്ന്

ആഗസ്റ്റ് 15 ബ്രിട്ടീഷ് ഭരണമെന്ന പ്രമാദത്തിന്റെ മരണത്തെക്കുറിക്കുക മാത്രമല്ല, പുതിയൊരു യുഗത്തിന്റെ ഉദ്ഘാടനം കൂടിയായിരുന്നു അത്.

യാതൊന്നിനുവേണ്ടിയാണോ ജനങ്ങൾ സ്വന്തം ജീവനെപ്പോലും ബലികഴിച്ചുകൊണ്ടുപോരാടിയത് ആ ലക്ഷ്യം പ്രായോഗികമാക്കാനുള്ള ഘട്ടമെത്തി. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് പ്രായോഗിക രൂപം നൽകാനുള്ള അവസരം ലഭിച്ചു.

രാഷ്ട്രീയ സ്വാതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കുള്ള ചവിട്ടുപടിയായി തീർന്നു. വ്യവസായവൽക്കരണം, അടിസ്ഥാന ഘന വ്യവസായങ്ങൾ, പൊതുമേഖലാ, ചേരിചേരാ നയം ഇതൊക്കെ ഇന്ത്യയുടെ സാമ്പത്തിക ഘടനയെ ശക്തിപ്പെടുത്താനും ജനങ്ങളുടെ ജീവിത തോതുയർത്താനുമുള്ള പരിപാടികളായിരുന്നു. അതുകൊണ്ട് അവയ്ക്ക് സാർവത്രികവും ഹൃദയംഗവുമായ അംഗീകാരവും പിന്തുണയും ലഭിച്ചു.

## വഴിത്തിരിവിലെ വിശ്വാസ രാഹിത്യം

എന്നാൽ ഈ പരിപാടികളത്രയും മുതലാളിത്തോൽപ്പാദന രീതിയുടെ അതിർത്തിവരമ്പുകൾക്കുള്ളിലാണ് നടപ്പിലാക്കപ്പെട്ടത്. സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങൾ പലതും തുടച്ചു നീക്കാൻ അവ തീർച്ചയായും സഹായിച്ചു. സാർവദേശീയ രംഗത്തിൽ ഇന്ത്യയുടെ അന്തസ്സ് വർദ്ധിച്ചു. പക്ഷേ, അതോടൊപ്പം തന്നെ മുതലാളിത്തവും ശക്തിപ്പെട്ടു. മുതലാളിത്തമെന്നുവെച്ചാൽ ചൂഷണവും ലാഭവും എന്നാണർത്ഥം. സമുദായത്തിന്റെ നന്മയും ക്ഷേമവുമല്ല വ്യക്തികളുടെ ലാഭമാണ് ഉത്പാദനത്തിന്റെ ലക്ഷ്യം. ഓരോരുത്തരും അവനവന് വേണ്ടിമാത്രം എന്നതാണ് മുതലാളിത്തത്തിന്റെ തത്വശാസ്ത്രം. ഈ വ്യവസ്ഥയിൽ ന്യൂനപക്ഷത്തിന്റെ കയ്യിൽ വമ്പിച്ച സ്വത്തുക്കൾ കേന്ദ്രീകരിക്കുന്നു. ഭൂരിപക്ഷം ജനങ്ങൾ പാപ്പരത്വത്തിലേക്ക് ഉരുണ്ടു വീഴുന്നു.

ഈ വിഷമ ചക്രത്തിൽ നിന്ന് പുറത്ത് കടക്കേണ്ടതാവശ്യമായിരുന്നു. അതുകൊണ്ടാണ് സ്വത്തുക്കളുടെ കേന്ദ്രീകരണം തടയണമെന്നും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ചയകറ്റണമെന്നും സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കണമെന്നും മറ്റും മറ്റുമുള്ള പ്രഖ്യാപനങ്ങൾ പാർലമെൻറിലൂടെ പുറത്തുവന്നത്. ഇത്തരം പ്രഖ്യാപനങ്ങൾ തെല്ല നേരത്തേക്ക് ജനഹൃദയങ്ങളിൽ ഒരു വിദ്യുൽപ്രവാഹമുണ്ടാക്കി. പത്രപംക്തികളിലും പ്രസംഗവേദികളിലും സോഷ്യലിസമലയടിച്ചു.

പക്ഷേ, പ്രായോഗികജീവിതത്തിൽ യാതൊരു മാറ്റവുമുണ്ടായില്ല. പ്രഖ്യാപനങ്ങൾ വെറും കടലാസുപദ്ധതികളായിരുന്നു. മുതലാളിത്തം പിന്നേയും ശക്തിപ്പെട്ടു. സ്വത്തുക്കൾ കേന്ദ്രീകരിച്ചു. കുത്തകമുതലാളികൾ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം തടിച്ചുകൊഴുത്തു, മറുഭാഗത്ത് ജനങ്ങളുടെ ജീവിതത്തോതിടിഞ്ഞു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച പൂർവാധികം വർദ്ധിച്ചു.

ബ്രിട്ടീഷ്ഭരണമവസാനിച്ചാൽ ജനങ്ങളുടെ കഷ്ടപ്പാടുകളവസാനിയ്ക്കുമെന്നാണ് വിശ്വസിയ്ക്കപ്പെട്ടിരുന്നത്. പട്ടിണി, തൊഴിലില്ലായ്മ, അടിമത്തം, മർദ്ദനം, ചൂഷണം, ജാതിമേധാവിത്വം, അസമത്വം, എല്ലാറ്റിനും ബ്രിട്ടീഷ് സാമ്രാജ്യവാദികളാണുത്തരവാദികൾ എന്നാണ് കരുതപ്പെട്ടിരുന്നത്.

ബ്രിട്ടീഷ് ഭരണം പോയി, പക്ഷേ, വേദനകളും ദുഃഖങ്ങളും അവസാനിച്ചില്ല. സ്വാതന്ത്ര്യം കിട്ടി. പക്ഷേ, കിട്ടിയത് അതിന്റെ ഉള്ളടക്കമല്ല പുറന്തോടു മാത്രമാണ്. കിട്ടേണ്ടത് കിട്ടാതിരിക്കുമ്പോൾ അക്ഷമയും അസംതൃപ്തിയും അനിവാര്യങ്ങളായിത്തീർന്നു.

യഥാർത്ഥത്തിൽ നമ്മുടെ രാജ്യം ഇന്നൊരു വഴിത്തിരിവിലാണ്. പഴയയുഗമവസാനിച്ചു. അതിനി തിരിച്ചുവരില്ല. പക്ഷേ, അതിന്റെ സ്ഥാനത്ത് പുതിയയുഗം ഇനിയും ആരംഭിച്ചുകഴിഞ്ഞിട്ടില്ല. പഴയമൂല്യങ്ങൾ തകർന്നു. പക്ഷേ, പുതിയ മൂല്യങ്ങൾ ഉയർന്നുവന്നിട്ടില്ല. ഈ ഇടക്കാലഘട്ടത്തിന്റെ സൃഷ്ടിയാണ് വിശ്വാസരാഹിത്യം.

## ധാർമ്മികാധഃപതനത്തിന്റെ സാഹചര്യങ്ങൾ

ഒരു നൊടിയിടയ്ക്കുള്ളിൽ മന്ത്രം കൊണ്ടോ നിയമനിർമ്മാണങ്ങൾ കൊണ്ടുതന്നെയോ നൂറ്റാണ്ടുകളുടെ മാലിന്യങ്ങളെ കഴുകിക്കളയാനാവില്ല. നിലവിലുള്ള സാമൂഹ്യബന്ധങ്ങളിലും ജനങ്ങളുടെ സാമൂഹ്യബോധത്തിലും മാറ്റങ്ങൾ വരുത്താൻ സമയം പിടിയ്ക്കും. താത്വികമായി നോക്കുമ്പോൾ അതു ശരിയാണുതാനും പക്ഷേ, തത്വബോധവും യുക്തിവിചാരവും മാത്രമല്ല ഇവിടെ പ്രവർത്തിക്കുന്നത്. ഇതൊരു വികാരത്തിന്റെ പ്രശ്നം കൂടിയാണ്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ കഷ്ടപ്പാടുകൾ മൂർച്ഛിച്ചുകൊണ്ടിരിക്കുന്ന എല്ലാ വഴിത്തിരുവുകളിലും ഇത് അനിവാര്യമാണോ? ആണെങ്കിൽ ചിലർ മാത്രം തടിച്ചു കൊഴുക്കുന്നതെന്തുകൊണ്ട്? ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച വർദ്ധിക്കുന്നതെന്തുകൊണ്ട്? ക്ഷമയെപ്പറ്റിയും ധാർമ്മികമൂല്യങ്ങളെപ്പറ്റിയും പ്രസംഗിച്ചു ബത്ത വാങ്ങുന്ന മന്ത്രിമാരുടേയും ജനങ്ങളുടെ സേവകന്മാരായി കൊട്ടിഘോഷിക്കപ്പെടുന്ന വലിയ ഉദ്യോഗസ്ഥന്മാരുടേയും ബാങ്ക് അക്കൗണ്ടുകൾ പെരുകിപ്പെരുകിവരുന്നതെന്തുകൊണ്ട്?

ചുറ്റുപാടും സ്വാർത്ഥലോലുപത, വ്യക്തിപരതയുടെ കൂത്താട്ടം അഴിമതികൾ, കൈക്കൂലികൾ, സ്വന്തം കാര്യം സിന്ദാബാദ്! ഒരോ വ്യക്തിയും അവന്റെ സ്വന്തം ഉയർച്ചയെപ്പറ്റി ചിന്തിക്കുന്നു. പഴയ യാതനകൾപോലും ക.ണ.പയാക്കി മാറ്റപ്പെടുന്നു.

സാമൂഹ്യാദർശങ്ങളോ? ആദർശങ്ങൾ പോയി തുലയട്ടെ! വ്യക്തിയുടെ ഉയർച്ചയാണ് ഉന്നം പണമുണ്ടാക്കലാണ് ലക്ഷ്യം! അങ്ങിനെ വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ സാമൂഹ്യലക്ഷ്യങ്ങൾ വിസ്മരിക്കപ്പെടുന്നു. മനുഷ്യനിലുള്ള വിശ്വാസം നശിക്കുന്നു.

ഈ സാമൂഹ്യസാഹചര്യങ്ങളാണ് ധാർമ്മികാധഃപതനത്തിന്റെ വിളനിലം.

എന്നാൽ വിശ്വാസരാഹിത്യവും ധാർമ്മികാധഃപതനവും എത്രതന്നെ പരന്നുപിടിച്ചാലും മുതലാളിത്തവ്യവസ്ഥയിൽ എല്ലാ വ്യക്തികൾക്കും ഉയരാൻ കഴിയുന്നില്ല. സമുദായത്തിൽ സ്വത്തും പദവിയുമുള്ളവർ, ചതിപ്പണികളും കപടനാട്യങ്ങളും കുതികാൽവെട്ടലുകളും ശീലിച്ചവർ മാത്രം ഉയരുന്നു. ഭൂരിപക്ഷക്കാരായ വ്യക്തികൾക്കു രക്ഷയില്ല. അവരുടെ സ്വപ്നങ്ങൾ തകരുകയും ആഗ്രഹാഭിലാഷങ്ങൾ മുരടിക്കുകയും ചെയ്യുന്നു. അവരുടെ വ്യക്തിസത്ത അധികമധികം ദുർബലമായിത്തീരുന്നു. താൻ സമുദായത്തിൽ ഒറ്റപ്പെട്ടവനാണെന്നും തനിക്ക് താനല്ലാതെ മറ്റാരുമില്ലെന്നും ചുറ്റുപാടുള്ള വ്യക്തിപരതകൾതന്നെ ഞെക്കിഞെരിച്ചുകൊല്ലാൻ വേണ്ടിയാണ് നിലകൊള്ളുന്നത് എന്നും മനുഷ്യൻ വിചാരിക്കാൻ തുടങ്ങുന്നു. ചരിത്രത്താൽ രൂപപ്പെടുത്തപ്പെടുന്ന സാമൂഹ്യ വ്യക്തിയെയല്ല, ചരിത്രത്തിൽനിന്നും, സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട കേവല വ്യക്തിയെയാണ്, അവൻ കാണുന്നത്. സാമൂഹ്യ വളർച്ചയുടെ നിയമങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് അവന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഭാവിയെന്താവുമെന്ന് പറയാൻ വയ്യ. തനിക്ക് താൻ മാത്രമേയുള്ളൂ. ദുസ്സഹമായ ഈ നിസ്സഹായതാബോധത്തിൽ നിന്ന് അന്തർമുഖത്വത്തിലേക്കും അന്ധവിശ്വാസത്തിലേക്കും കുറച്ചേ വഴിയുള്ളൂ. പള്ളികളുടേയും ക്ഷേത്രങ്ങളുടേയും ഭണ്ഡാരപ്പെട്ടികൾ നിറയുകയും ശരണമയ്യപ്പന്മാരുടെ എണ്ണം പെരുകുകയും ചെയ്യുന്നത് ഈ ഘട്ടത്തിലാണ്.

ഏകാന്തതയുടെ തത്വശാസ്ത്രം ചരിത്രത്തിലെ വഴിത്തിരിയൽ ഘട്ടത്തിന്റെ സൃഷ്ടിയാണ്. ധാർമ്മികാധഃപതനവും നിസ്സഹായതയിൽ നിന്നുത്ഭവിക്കുന്ന അന്തർമ്മുഖത്വവും ഒരേ നാണ്യത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്.

## വ്യക്തിയുടെ മോചനം

മനുഷ്യൻ നന്നായാലേ സമുദായം നന്നാവൂ എന്നും സമുദായം നന്നായാലേ മനുഷ്യൻ നന്നാവൂ എന്നും പരസ്പരവിരുദ്ധങ്ങളായ രണ്ടു ചിന്താഗതികളുണ്ട്. ഒരുകൂട്ടർ വാദിക്കുന്നു. സമൂഹമെന്നത് വ്യക്തികളുടെ ആകെത്തുകയാണ്. അതുകൊണ്ട് സമൂഹത്തിന്റെ പൂർണ്ണത അതിലടങ്ങിയ വ്യക്തികളുടെ പൂർണതയെ ആശ്രയിച്ചിരിക്കും,

ഓരോ വ്യക്തിയും സ്വയം ശിക്ഷണത്തിന്റേയും ആത്മനിയന്ത്രണത്തിന്റേയും സഹായത്തോടുകൂടി തികച്ചും സന്മാർഗികമായ ജീവിതം നയിക്കാൻ തുടങ്ങിയാൽ സാമൂഹ്യ ജീവിതത്തിലെ തിന്മകളും കൊള്ളരുതായ്മകളും അന്തർദ്ധാനം ചെയ്യുമെന്നാണവർ കരുതുന്നത്. വ്യക്തിത്വത്തിന്റെ സൗന്ദര്യം വർദ്ധിക്കുക, സമുദായത്തിന്റെ വൈകൃതങ്ങൾ അപ്രത്യക്ഷമാവും. വ്യക്തിയിൽ ഉൽകൃഷ്ടതകൾ വളർത്തുക, സമുദായം ഉൽകൃഷ്ടമായിത്തീരും.

വ്യക്തിയുടെ മോചനത്തിലൂടെ സമുദായത്തിന്റെ മോചനം നേടാൻ ശ്രമിച്ച പല തത്വശാസ്ത്രങ്ങളും പ്രാചീന കാലം മുതൽക്കേ നിലനിന്നുപോന്നിട്ടുണ്ട്. യമനിയമാസനപ്രാണായാമ പ്രത്യാഹാര ധ്യാനധാരണസമാധികളിലൂടെയും അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചാര്യം, അപരിഗ്രഹം എന്നിവയിലൂടെയും ചിത്തവൃത്തി നിരോധം കൈവരുത്താനുപദേശിച്ച യോഗദർശനം ഈ ചിന്താഗതിയുടെ ഒരു മകുടോദാഹരണമാണ്.

എല്ലാത്തരം ദുഃഖങ്ങളുമവസാനിപ്പിച്ച് സുഖവും സംതൃപ്തിയും നേടാനുള്ള ഒരെളുപ്പവഴി ഭഗവദ്ഗീത ചൂണ്ടിക്കാണിക്കുന്നു:

> ‘ധ്യായതോ വിഷയാൻപുംസഃ
> സംഗസ്തേഷ പൂജായതേ
> സംഗാത് സംജായതേ കാമഃ
> കാമാത് ക്രോധാഭിജായതേ
> ക്രോധാദ്ഭവതി സംമോഹഃ
> സംമോഹത് സ്മൃതിവിഭ്രമഃ
> സ്മൃതിഭ്രംശാദ് ബുദ്ധിനാശോ
> ബുദ്ധിനാശാത് പ്രണശ്യതിഃ
> രാഗദ്വേഷവിയുക്തൈസ്തു
> വിഷയാനിന്ദ്രിയൈശ്ചരൻ,
> ആത്മവശ്യൈർ വിധേയാത്മാ
> പ്രസാദമധിഗച്ഛതി.
> പ്രസാദേ സർവദുഃഖാനാ,
> ഹാനിരസ്യോപജായതേ,
> പ്രസന്ന ചേതസോഹ്യാശു
> ബുദ്ധിപര്യവതിഷ്ഠതേ.’
> (ഗീത അധ്യായം 11, 62, 65)

ജഗത് മിഥ്യയാണെന്ന് വാദിച്ചവരെപ്പോലെത്തന്നെ പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠമായ നിലനിൽപ്പിൽ വിശ്വസിച്ചവരും, ജ്ഞാനയോഗികളെന്നപോലെത്തന്നെ കർമ്മയോഗികളും, വ്യക്തിയിലാണൂന്നിയത്. ‘ബഹുജനഹിതായ, ബഹുജനസുഖായ’ എന്നുപദേശിച്ച ഗൗതമബുദ്ധൻ സർവസംഗപരിത്യാഗികളായ ഭിക്ഷുക്കളുടെ സംഘമുണ്ടാക്കുകയാണ് ചെയ്തത്. ക്രിസ്തു മുഹമ്മദ്, മുതലായ മതപ്രവാചകന്മാരും മഹാത്മാഗാന്ധിയെപ്പോലുള്ള രാഷ്ട്രീയ നേതാക്കൻമാരും വ്യക്തിയുടെ ഉൽകൃഷ്ടതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സാമൂഹ്യപരിവർത്തനം നേടാൻ ശ്രമിച്ചവരാണ്. ഇതുകൊണ്ടൊന്നും യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. അവിടെയും ഇവിടേയുമായി അനേകം വ്യക്തികളിൽ ഉൽകൃഷ്ടതകളെ തട്ടിയുണർത്താൻ ഈ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ, സമുദായത്തിന്റെയാകെ വൈകൃതങ്ങളവസാനിച്ചിട്ടില്ലെന്ന് തീർച്ചയാണ്. ബുദ്ധന്റെയും ക്രിസ്തുവിന്റെയും മുഹമ്മദിന്റെയും പേരിൽ സാർവ്വലൗകികങ്ങളായ മതങ്ങൾ കെട്ടിപ്പടുക്കപ്പെട്ടു. കോടിക്കണക്കിലുള്ള ജനങ്ങൾ അവരുടെ അനുയായികളായിത്തീർന്നു. മഹാത്മാഗാന്ധി രാഷ്ട്രപിതാവായി വാഴ്ത്തപ്പെട്ടു. പക്ഷേ, അതോടൊപ്പം വ്യക്തിയുടെ ദുർഗുണങ്ങളും സമുദായത്തിന്റെ വൈകൃതങ്ങളും അവസാനിച്ചുവോ? മതപ്രവാചകൻമാരുടെയും രാഷ്ട്രപിതാവിന്റെയും പേരുകൾ ഉച്ചത്തിലുച്ചരിച്ചുകൊണ്ട് കള്ളവും കൊള്ളയും നടത്തി സ്വന്തം സ്വാർത്ഥം നേടാൻ ശ്രമിയ്ക്കുന്ന വ്യക്തികളുടെ എണ്ണം യഥാർത്ഥത്തിൽ വർദ്ധിക്കുകയല്ലേ ചെയ്തിട്ടുള്ളത്?

## വ്യക്തി സമൂഹത്തിന്റെ സൃഷ്ടി

ഇവിടെയാണ് രണ്ടാമത് പറഞ്ഞ ചിന്താഗതി തലയുയർത്തുന്നത്. മനുഷ്യസമ്പ്രദായമെന്നത് വെറും വ്യക്തികളുടെ ഒരു ആകെത്തുകയല്ല, സർവ്വതന്ത്രസ്വതന്ത്രരായ മനുഷ്യരുടെ ഒരു സഹകരണസംഘമല്ല, നേരെമറിച്ച്, വ്യക്തി, സമുദായത്തിന്റെ സൃഷ്ടിയാണ്: സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയുടെ ഉൽപന്നമാണ്. അതുകൊണ്ട്, സമൂഹത്തിന്റെ ഒരു ഭാഗം മാത്രമായ വ്യക്തിയുടെ പ്രശ്നത്തെ സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തി അടർത്തിയെടുക്കാൻ കഴിയില്ല. ഓരോ വ്യക്തിയുടെയും ജീവിതം മറ്റു വ്യക്തികളുടെ ജീവിതവുമായി ആയിരക്കണക്കിലുള്ള ചരടുകളാൽ കൂട്ടിക്കെട്ടപ്പെട്ടിരിക്കുന്നു. കുടുംബബന്ധങ്ങൾ, ജാതിബന്ധങ്ങൾ, മതബന്ധങ്ങൾ, വർഗബന്ധങ്ങൾ, രാഷ്ട്രീയ ബന്ധങ്ങൾ, ഔദ്യോഗിക ബന്ധങ്ങൾ എന്നിങ്ങനെ എന്തെല്ലാം തരത്തിലുള്ള ബന്ധങ്ങളാണ് വ്യക്തിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നത്!

അപ്പോൾ സർവ്വസ്വതന്ത്രനായ വ്യക്തി അങ്ങനെയൊന്നില്ല. മനുഷ്യൻ സ്വയം സമ്പൂർണ്ണനായ ഏകാകിയല്ല, സാമൂഹ്യജീവിയാണ്. ജനനം മുതൽ മരണംവരെ അവൻ മറ്റ മനുഷ്യരുമായി നാനാതരം ബന്ധങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. അവന്റെ ഭാഷ, അവന്റെ വിശ്വാസങ്ങൾ, ധാർമ്മികബോധം, രുചിഭേദങ്ങൾ, കലാബോധം, ശാസ്ത്രജ്ഞാനം, എന്തിന് അവന്റെ വ്യക്തിപരമായ സവിശേഷതകൾ പോലും, അവസാനവിശകലനത്തിൽ, മറ്റ മനുഷ്യരുമായുള്ള ബന്ധങ്ങളിൽ നിന്നു രൂപംകൊള്ളുന്നവയാണ്. ഒരു പിഞ്ചുകുട്ടി അമ്മേ എന്ന് കൊഞ്ചിവിളിക്കുന്നത് മുതൽക്ക് ഭാഷയുടെ സ്വാധീനം അവനിൽ പ്രവർത്തിക്കാൻ തുടങ്ങുകയായി. ഭാഷയാണ് അവന്റെ ചിന്തയെ രൂപപ്പെടുത്തുന്നത്. ഭാഷയിലെ ഓരോ വാക്കും തലമുറതലമുറയായി സമുദായം സംഭരിച്ചുവച്ച ജ്ഞാനത്തിന്റെ ഒരു കലവറയത്രെ. അപ്പോൾ സമുദായമാണ് ഭാഷയുടെ സഹായത്തോടുകൂടി വ്യക്തിയുടെ ചിന്തകൾക്ക് രൂപം നൽകുന്നത്. അവന്റെ മനോഗതിയേയും വിക്ഷണഗതികളേയും കഴിവുകളേയും സ്വഭാവവിശേഷങ്ങളെയും മൂല്യബോധത്തേയുമെല്ലാം സാമൂഹ്യബന്ധങ്ങളാണ് നിർണയിക്കുന്നത്. ചുരുക്കത്തിൽ സാമൂഹ്യബന്ധങ്ങളാണ് അവനെ അവനാക്കി തീർക്കുന്നത്. എത്രതന്നെ വ്യക്തിവൈഭവമുള്ള മനുഷ്യനും സാമൂഹ്യബന്ധങ്ങളുടെ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടേ പ്രവർത്തിക്കാൻ കഴിയൂ. സമുദായത്തിലെ മറ്റു വ്യക്തികളുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രമേ അവനു തന്റെ സ്വാതന്ത്ര്യമനുഭവിക്കാൻ കഴിയൂ. ‘വ്യാമോഹവും യാഥാർഥ്യവും’ എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ക്രിസ്റ്റോഫർ കോഡ്വെൽ ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കുന്നത് നോക്കുക.

‘ബെർട്രാൻഡ് റസ്സലിനെ പ്രസവിച്ച് ഒമ്പത് മാസമായ സമയത്ത് ആ ബാലനെ വിജനപ്രദേശത്ത് അമ്മപോലുമില്ലാതെ, വളരാനിടയാകുകയെന്ന വ്യസനകരമായ പരീക്ഷണം ഒരാൾ നടത്തിയിരുന്നെന്ന് കരുതുക. അങ്ങിനെ വളർന്നുവന്ന ആ ബാലൻ 40 വയസ്സുള്ള ഒരു മനുഷ്യനായിത്തീർന്ന സമയത്താണ് അദ്ദേഹത്തെ ഒന്നാമതായി മനുഷ്യർ കാണുന്നതെന്നും കണക്കാക്കുക. അവർ ആ മനുഷ്യന്റെ കൈയിൽ ‘മനസിനെക്കുറിച്ചുള്ള പരിശോധന’, ‘പദാർഥങ്ങളെക്കുറിച്ചുള്ള പരിശോധന’ എന്നിവയുടെ കൈയ്യെഴുത്തു കോപ്പികൾ കാണുമോ? എന്തിന്? എണ്ണം (നമ്പർ) നിർവഹിയ്ക്കേണ്ടതെങ്ങിനെ എന്നെങ്കിലും അദ്ദേഹത്തിനറിയാമോ? ഇല്ല. തന്റെ ഇന്നത്തെ സ്ഥിതിയ്ക്കെല്ലാം വിപരീതമായി അസംബന്ധവും മര്യാദകെട്ടതുമായ ഒരു രീതിയിലാണ് റസ്സൽ പെരുമാറുക.”

> “അതുകൊണ്ട് നാമിന്നറിയുകയും വിലമതിക്കുകയും ചെയ്യുന്ന റസ്സൽ ഒരു സാമൂഹ്യസൃഷ്ടിയാണെന്നു വ്യക്തമാവുന്നു. റസ്സൽ ഒരു മൃഗമാകുന്നതിനു പകരം തത്വചിന്തകനായി വളരാനുള്ള കാരണം, സാമൂഹ്യമര്യാദയും ഭാഷയും പഠിയ്ക്കാനും, എത്രയോ കാലമായി വളർന്നുവന്ന ഒരു സാമൂഹ്യവിജ്ഞാനം സ്വായത്തമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നതാണ്. ഭാഷയാണ് അദ്ദേഹത്തിന് ആശയങ്ങൾ കൊടുത്തത്. എന്തൊക്കെ നോക്കിപ്പഠിക്കണമെന്ന് അതാണ് അദ്ദേഹത്തെ പഠിപ്പിച്ചത്. മറ്റുള്ളവർ ശേഖരിച്ച് വച്ച വിജ്ഞാനം മുഴവൻ അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നുവച്ചതും ഭാഷയാണ്. സദാചാരം, നീതി, സ്വാതന്ത്ര്യം എന്നീ പ്രാഥമിക സാമൂഹ്യധർമ്മങ്ങളെക്കുറിച്ചുള്ള ബോധം അദ്ദേഹത്തിനുണ്ടാക്കിക്കൊടുത്തതും ഭാഷതന്നെ. അപ്പോൾ ഉപകാരപ്രദമായ മറ്റെല്ലാവസ്തുക്കളെയുംപോലെ, റസ്സലിന്റെ വിജ്ഞാനവും ഒരു സാമൂഹ്യസൃഷ്ടിയാണ്.”

## സാമൂഹ്യസാഹചര്യങ്ങൾ മാറ്റുന്നതെന്തിന്?

മനുഷ്യന്റെ ആത്മസത്ത ഒരിയ്ക്കലും സാമൂഹ്യബന്ധങ്ങളിൽ നിന്നൊറ്റപ്പെട്ടുനിൽക്കുന്നില്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. സുപ്രസിദ്ധ പോളിഷ് തത്വജ്ഞാനിയായ ആദാംഷാഫ് ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും ഒറ്റപ്പെട്ട മനുഷ്യന്റെ ഏറ്റവും ഏകാന്തമായ ചിന്തകൾ പോലും സാമൂഹ്യമായി രൂപവൽക്കരിയ്ക്കപ്പെടുന്നവയും സാമൂഹ്യകാരണങ്ങളാൽ നിർണ്ണയിക്കപ്പെടുന്നവയുമാണ്. ചുരുക്കിപ്പറഞ്ഞാൽ വ്യക്തികളുടെ ഒറ്റപ്പെട്ട സ്വതന്ത്ര പ്രവർത്തനങ്ങളിൽ നിന്ന് സമുദായമുണ്ടാവുകയല്ല മറിച്ച് സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയിൽ നിന്ന് ‘വ്യക്തികളുണ്ടാവുക’യാണ് ചെയ്യുന്നത്.

സാങ്കേതിക-ശാസ്ത്ര വൈദഗ്ധ്യങ്ങളിലും ഉൽപാദനവിതരണസമ്പ്രദായങ്ങളിലുമുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി സാമൂഹ്യബന്ധങ്ങളിൽ അഭൂതപൂർവമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് ശരിതന്നെ. ഫ്യൂഡലിസത്തിന്റെ സാമൂഹ്യബന്ധങ്ങളും മുതലാളിത്തത്തിന്റെ സാമൂഹ്യബന്ധങ്ങളും ഒരുപോലെയല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ വ്യക്തിയുടെ ജീവിതം ഒരിയ്ക്കലും സർവതന്ത്രസ്വതന്ത്രമായിരുന്നില്ല. അതാതുകാലഘട്ടത്തിലെ സാമൂഹ്യബന്ധങ്ങളുടെ അവിഭാജ്യഘടകങ്ങളെന്ന നിലയ്ക്കാണ് വ്യക്തികൾ ജീവിക്കുന്നത്. സാമൂഹ്യജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങൾ വ്യക്തിയുടെ സാൻമാർഗ്ഗിക ജീവിതത്തിലും മാറ്റങ്ങളുണ്ടാക്കുന്നു. പട്ടിണിയും തൊഴിലില്ലായ്മയും ചൂഷണവും അടിമത്തവും അനുഭവിയ്ക്കുന്ന വ്യക്തിക്കു വളരാൻ കഴിയില്ല. മൃഗീയമായ സാമൂഹ്യസാഹചര്യങ്ങളിൽ മാനുഷികമായ ഉൽകൃഷ്ടതകൾക്ക് വികസിക്കാൻ കഴിയില്ല. അതുകൊണ്ടാണ് മുതലാളിത്തത്തിന്റെ മൃഗീയ സാഹചര്യങ്ങളെ നീക്കം ചെയ്ത മനുഷ്യത്വത്തിന്റെ വളർച്ചയ്ക്ക് സഹായകരമായ പുതിയ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കണമെന്നും മനുഷ്യന് യഥാർഥമായ മാനുഷികത അനുഭവപ്പെടാനും, തന്നെ സ്വയമൊരു മനുഷ്യനായി കണ്ടു പരിചയപ്പെടാനും സ്വന്തം വ്യക്തിത്വത്തെ ഉയർത്തിപിടിക്കാനും പറ്റിയ തരത്തിൽ ലോകത്തെ പുനഃസംഘടിപ്പിയ്ക്കണമെന്നും മാർക്സ് ആഹ്വാനം ചെയ്തത്.

സാമൂഹ്യവൈകൃതങ്ങളവസാനിപ്പിയ്ക്കാതെ വ്യക്തിത്വസൗന്ദര്യത്തിലേയ്ക്കും പൂർണതയിലേയ്ക്കും നയിയ്ക്കാൻ കഴിയില്ല. അതുകൊണ്ട് ആദ്യം സാമൂഹ്യസാഹചര്യങ്ങളെ മാറ്റിമറിയ്ക്കുക. ഉൽപാദനോപകരണങ്ങൾ സ്വകാര്യസ്വത്തുടമയിലിരിക്കുന്നതിന്റെ ഫലമായുളവാകുന്ന പട്ടിണിയും തൊഴിലില്ലായ്മയും അസമത്വങ്ങളും ചൂഷണങ്ങളുമാണ് വ്യക്തിത്വത്തെ അരച്ചു ചതയ്ക്കുന്നത്. അതുകൊണ്ട് മുതലാളിത്തമവസാനിപ്പിയ്ക്കുക, വ്യക്തിയെ പൂർണനാക്കാനുള്ള പരിശ്രമങ്ങൾകൊണ്ട് മുതലാളിത്തത്തിന്റെ ആഭ്യന്തരവൈരുദ്ധ്യങ്ങൾ നീക്കം ചെയ്യാൻ സാധിക്കില്ല. നേരെമറിച്ച്, മുതലാളിത്തമവസാനിപ്പിച്ചുകൊണ്ട് മാത്രമെ വ്യക്തിയെ പൂർണമാക്കുവാൻ കഴിയൂ. അതുകൊണ്ട് സോഷ്യലിസം സ്ഥാപിച്ചു സമുദായത്തെയാകെ, സമുദായത്തിലെ എല്ലാ വ്യക്തികളെയും, സുഖത്തിലേയ്ക്കും സംതൃപ്തിയിലേയ്ക്കും ഉൽകൃഷ്ടതയിലേയ്ക്കും പരിപൂർണ്ണതയിലേയ്ക്കും നയിക്കുക!

## മാർക്സിന്റെ മനുഷ്യസ്നേഹം

പലരും തെറ്റിദ്ധരിയ്ക്കുന്നതുപോലെ, മാർക്സ് കേവലമൊരു സാമ്പത്തികവിദഗ്ധനോ സാമൂഹ്യശാസ്ത്രജ്ഞനോ തത്വജ്ഞാനിയോ മാത്രമായിരുന്നില്ല. എല്ലാറ്റിനുമുപരി അദ്ദേഹമൊരു മനുഷ്യസ്നേഹിയായിരുന്നു. മനുഷ്യത്വത്തിന്റെ വില മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണ് അദ്ദേഹം മുതലാളിത്തോൽപ്പാദനബന്ധങ്ങളുടെ മൃഗീയതകൾക്കെതിരെ പടവെട്ടിയത്.

മാർക്സിന്റെ മനുഷ്യസ്നേഹം ഉള്ളുപൊള്ളയായ ഒരു താത്വികദർശനമോ അപ്രായോഗികമായ ഒരു ധാർമികോപദേശമോ ആയിരുന്നില്ല. സാമൂഹ്യവളർച്ചയുടെ സവിശേഷ ഘട്ടത്തിലെ അനിവാര്യമായ ഒരു പ്രായോഗിക പരിപാടിയായിരുന്നു അത്. മനുഷ്യസമുദായത്തിലെ വികാസക്രമത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും, സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ ശരിയായി അപഗ്രഥനം ചെയ്യാനും കഴിഞ്ഞതുകൊണ്ടാണ് മുതലാളിത്തമവസാനിപ്പിച്ചു സോഷ്യലിസം സ്ഥാപിക്കാനും വർഗ്ഗരഹിതമായ സാമൂഹ്യസാഹചര്യങ്ങളിൽ നിന്ന് മനുഷ്യന് പൂർണ്ണമായ മോചനം നേടാനും സാധിയ്ക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചത്. മനുഷ്യസ്നേഹപരമായിരുന്നു പരിപാടി. മാനുഷികങ്ങളായ ഉൽകൃഷ്ടതകളുടെ പാരമ്യമായിരുന്നു ലക്ഷ്യം.

മുതലാളിത്തത്തിന്റെ സാഹചര്യങ്ങൾ മനുഷ്യനെ അധഃപതനത്തിലേക്കു പിടിച്ചുന്തുന്നു. സോഷ്യലിസം മനുഷ്യന്റെ ഉൽകൃഷ്ടതകളെ മേൽക്കുമേൽ വളർത്തുവാൻ സഹായിക്കുന്നു. അതുകൊണ്ടാണ് മുതലാളിത്തത്തെ തട്ടിത്തകർത്തു സോഷ്യലിസം സ്ഥാപിക്കാൻ മാർക്സ് തൊഴിലാളിവർഗ്ഗത്തോടാവശ്യപ്പെട്ടത്.

സോഷ്യലിസം വെറുമൊരു സാമ്പത്തികവ്യവസ്ഥ മാത്രമല്ല. മനുഷ്യസ്നേഹത്തിലടിയുറച്ച സാമൂഹ്യബന്ധങ്ങൾ കെട്ടിപ്പടുക്കാനുള്ള ഒരുപാധികൂടിയാണ്. സോഷ്യലിസത്തിലടങ്ങിയ മനുഷ്യസ്നേഹമാണ് ജനങ്ങളെ ആവേശഭരിതരും ക്രിയോന്മുഖരുമാക്കുന്നത്.

# നാല്

## വ്യക്തിയും സാമൂഹ്യഘടനയും

മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചാൽ മനുഷ്യൻ നന്നാവുമെന്നാണോ പറഞ്ഞത്? അങ്ങിനെയാണെങ്കിൽ നാൽപ്പത്കൊല്ലക്കാലം സോഷ്യലിസം കെട്ടിപ്പടുത്ത ഒരു രാജ്യത്തിൽ സ്റ്റാലിൻമാരും, പതിനഞ്ചുകൊല്ലക്കാലം സോഷ്യലിസത്തിൽ കഴിച്ചുകൂട്ടിയ മറ്റൊരുരാജ്യത്തിൽ മാവോസേതുങ്ങുമാരും ഉണ്ടായതെന്തുകൊണ്ടാണ്? സ്റ്റാലിന്റെ താൻ പ്രാമാണിത്വത്തിൻകീഴിൽ ലക്ഷക്കണക്കിലുള്ള ജനങ്ങൾ മരവിച്ച വ്യക്തിത്വത്തോടുകൂടി ഭയവിഹ്വലരായി കഴിയുകയും പതിനായിരക്കണക്കിലുള്ള നിരപരാധികൾ നെറികെട്ട മർദ്ദനങ്ങൾക്കിരയാവുകയും അസംഖ്യംപേർ അന്യായമായും നിർദയമായും വെടിവച്ചുകൊല്ലപ്പെടുകയും ചെയ്തതെന്തുകൊണ്ടാണ്? സ്റ്റാലിനുണ്ടെന്ന് ലെനിൻ ചൂണ്ടിക്കാണിച്ചിരുന്ന വ്യക്തിപരമായ ദുർഗുണങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥ ശക്തിപ്പെട്ടതിനുശേഷവും വർധിക്കുകയല്ലേ ചെയ്തത്? മാവോസേതുങ്ങിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുകാർ ഇന്ത്യയെ ആക്രമിക്കുകയും പ്രധാനമന്ത്രി നെഹ്റുവിനെപ്പറ്റി വൃത്തികെട്ട നുണകൾ പ്രചരിപ്പിക്കുകയും അണുവായുധ യുദ്ധത്തിന് ജയജയപാടുകയും മറ്റും ചെയ്തതിന് കാരണമെന്താണ്? മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചതുകൊണ്ടുമാത്രം മനുഷ്യൻ നന്നാവുകയില്ല എന്നല്ലേ ഇത് കാണിക്കുന്നത്? സാമൂഹ്യസാഹചര്യങ്ങൾ അനുകൂലമായതുകൊണ്ടുമാത്രം വ്യക്തികൾ ഉൽകൃഷ്ടരും സൽഗുണസമ്പന്നരുമായിക്കൊള്ളണമെന്നില്ല എന്നല്ലേ ഇത് തെളിയിച്ചുകാട്ടുന്നത്.

തീർച്ചയായും അതേ, മനുഷ്യന്റെ വ്യക്തിത്വത്തെ ചവുട്ടിത്തേയ്ക്കുകയും മാനുഷികങ്ങളായ സാന്മാർഗ്ഗിക മൂല്യങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന മുതലാളിത്ത സാഹചര്യങ്ങൾ നീക്കംചെയ്യപ്പെട്ടു എന്നതുകൊണ്ടുമാത്രം മനുഷ്യൻ നന്നായിക്കൊള്ളണമെന്നില്ല. സാമ്പത്തിക ബന്ധങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് മനുഷ്യസ്വഭാവത്തിൽ മാറ്റങ്ങളുണ്ടായിക്കൊള്ളണമെന്നില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥയിലും ചീത്ത വ്യക്തികളുണ്ടാവാം. പട്ടിണിയും പായാരവും സാമ്പത്തിക പരാധീനതകളും അവസാനിച്ചാലും വ്യക്തികൾ നന്നായിക്കൊള്ളണമെന്നില്ല എന്നതിന് മുതലാളിത്ത സമുദായത്തിൽത്തന്നെ ധാരാളം ഉദാഹരണങ്ങൾ കാണാം. സ്വത്തുക്കളുള്ളവർക്കിടയിൽപോലും സ്വാർഥവും ക്രൂരതകളും കളവും കൊലപാതകങ്ങളും താന്തോന്നിത്തവും വ്യഭിചാരവും നടമാടാറുണ്ട്.

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചീത്തവ്യക്തികളുണ്ടാവണമെങ്കിൽ മുതലാളിത്തവ്യവസ്ഥയിൽ നല്ലവ്യക്തികളുണ്ടായിക്കൂടേ? തീർച്ചയായുമുണ്ടാവണം. മുതലാളിത്തവ്യവസ്ഥയിൻകീഴിൽ ചൂഷണവും മർദ്ദനവുമനുഭവിക്കുന്ന ജനങ്ങൾക്കിടയിൽ നിന്നാണ് നിസ്വാർത്ഥരും ത്യാഗശീലരുമായ വിപ്ലവകാരികളും സത്യസന്ധരായ മനുഷ്യസ്നേഹികളും ഉയർന്നുവരാറുള്ളത്.

ചൂഷിതരായ ജനങ്ങളുടെ കാര്യമിരിയ്ക്കട്ടെ, ചൂഷണവർഗ്ഗത്തിൽപ്പെട്ട മുതലാളികൾക്കിടയിൽത്തന്നെ നല്ല വ്യക്തികൾ ഉണ്ടായിക്കൂടെ?

ഒരു ചോദ്യം കൂടി, സാമൂഹ്യപരിവർത്തനങ്ങൾക്കുതന്നെ ഉന്നതൻമാരായ വ്യക്തികൾ ആവശ്യമല്ലെ? ബുദ്ധനും, വിവേകാനന്ദനും നെപ്പോളിയനും വാഷിംഗ്ടണും ലെനിനും ഗാന്ധിയും അതേപോലുള്ള മഹാൻമാരായ മറ്റു വ്യക്തികളുമല്ലേ സാമൂഹ്യപരിവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചരിത്രത്തെ മാറ്റിമറിയ്ക്കാൻ ജനലക്ഷങ്ങളെ അണിനിരത്തുകയും ചെയ്തത്?

അതേ; യാതൊരു സംശയവുമില്ല.

എന്ത്! അപ്പോൾ മാർക്സിസം പൊളിഞ്ഞു പാളീസായി എന്നാണോ പറയുന്നത്? സാമ്പത്തികശക്തികളാണ് മനുഷ്യന്റെ സ്വഭാവവിശേഷങ്ങളെ രൂപപ്പെടുത്തുന്നത് എന്നും സാമ്പത്തിക ഘടന മാറിയാൽ മനുഷ്യസ്വഭാവം തനിയെ മാറിക്കൊള്ളുമെന്നും വാദിയ്ക്കുന്ന മാർക്സിസ്റ്റ് സിദ്ധാന്തം തകർന്ന് തരിപ്പണമായി എന്നാണോ തുറന്നു പറയുന്നത്?

മാർക്സിസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളിൽ നിന്നാണ് ഇത്തരം ചോദ്യങ്ങളുയർന്നുവരുന്നത്. ചരിത്രത്തിൽ വ്യക്തികൾ വഹിക്കുന്ന പങ്കിനെ മാർക്സിസം നിഷേധിയ്ക്കുന്നില്ല. വെറും സാമ്പത്തിക ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ മാത്രമാണ് മനുഷ്യസ്വഭാവത്തെ നിർണ്ണയിക്കുന്നത് എന്നോ മുതലാളിത്തമവസാനിപ്പിച്ചു സോഷ്യലിസം സ്ഥാപിച്ചാൽ വ്യക്തികൾ സ്വയം നന്നായിക്കൊള്ളും എന്നോ മാർക്സിസം പറയുന്നില്ല തീർച്ച. മാർക്സ് പറഞ്ഞതിതാണ്:

> ‘മനുഷ്യർ തങ്ങളുടെ ചരിത്രം സ്വയം സൃഷ്ടിയ്ക്കുന്നു. എന്നാൽ അത് അവർ തങ്ങൾക്ക് തോന്നിയപടി സൃഷ്ടിയ്ക്കുകയല്ല ചെയ്യുന്നത്. അവരവർ സ്വയം തിരഞ്ഞെടുത്ത സാഹചര്യത്തിലല്ല, പിന്നെയൊ നിർദ്ദിഷ്ടവും നേരിട്ടു കാണപ്പെടുന്നതും ഭൂതകാലത്തിൽ നിന്നു ഉയർന്നുവന്നതുമായ സാഹചര്യത്തിലാണ് അവർ ചരിത്രം സൃഷ്ടിക്കുന്നത്.’

ഏംഗെൽസ് ബ്ലോഷിനയച്ച ഒരു കത്തിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നു:

> ‘ചരിത്രപരമായ ഭൗതികവാദമനുസരിച്ച് ചരിത്രത്തിന്റെ അവസാനത്തെ നിയാമകശക്തി യഥാർഥ ജീവിതത്തിന്റെ ഉൽപാദനവും പുനരുൽപ്പാദനവുമാണ്. ഇതിലപ്പുറമൊന്നും ഞാനോ മാർക്സോ ഊന്നിപ്പറഞ്ഞിട്ടില്ല. അതുകൊണ്ട് ആരെങ്കിലും ഇതിനെ വളച്ചൊടിച്ച് ചരിത്രത്തിന്റെ നിയാമകശക്തി സാമ്പത്തികവ്യവസ്ഥ മാത്രമാണെന്ന് പറയുകയാണെങ്കിൽ അത് ഈ സിദ്ധാന്തത്തെ നിരർത്ഥകവും ശൂന്യവുമാക്കിത്തീർക്കും… രാഷ്ട്രീയവും നിയമപരവും തത്വശാസ്ത്രപരവും സാഹിത്യപരവും കലാപരവുമായ എല്ലാ അഭിവൃദ്ധികളും സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത്. പക്ഷേ, ഇവയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുകയും സാമ്പത്തികാടിത്തറയെ തന്നെ ബാധിക്കുകയും ചെയ്യും. ഇതിന്റെ അർത്ഥം എല്ലാറ്റിന്റേയും കാരണം സാമ്പത്തിക പരിതഃസ്ഥിതിയാണെന്നോ, അതുമാത്രമേ ഫലപ്രദമാകൂ എന്നോ, മറ്റെല്ലാം നിർജ്ജീവങ്ങളാണെന്നോ അല്ല. സാമ്പത്തികാവശ്യങ്ങളുടെ അടിത്തറയിൽ ഇവയെല്ലാം പരസ്പരം സ്വാധീനം ചെലുത്തുകയും ഒടുവിൽ ഇവ ചരിത്രത്തിന്റെ നിർണ്ണായകശക്തികളായിത്തീരുകയും ചെയ്യുന്നുവെന്നതാണ് പരമാർത്ഥം.’

## ചരിത്രത്തിന്റെ സൃഷ്ടാവ്

അപ്പോൾ മനുഷ്യൻ ചരിത്രത്തിന്റെ അടിമയല്ല, യജമാനനാണ്: സാമൂഹ്യബന്ധങ്ങളുടെ സൃഷ്ടി മാത്രമല്ല, അവയുടെ സൃഷ്ടാവുകൂടിയാണ്. ബോധപൂർണമായ പ്രവർത്തനങ്ങളിലൂടെയും സമരങ്ങളിലൂടെയും സാമൂഹ്യബന്ധങ്ങളെ മാറ്റാനും പുതിയ ബന്ധങ്ങളെ സൃഷ്ടിക്കാനും അവനു കഴിവുണ്ട്. രാജവാഴ്ചകളേയും മുതലാളിത്തത്തിന്റെ ബീഭത്സതകളേയും ചൂഷണവ്യവസ്ഥകളേയുമെല്ലാം തന്നെ കരുത്തുറ്റ കൈകൾകൊണ്ട് തകർത്തു തരിപ്പണമാക്കിയവനാണവൻ. 1789, 1917, 1947 ആഗസ്റ്റ് 15 എല്ലാം മനുഷ്യന്റെ സൃഷ്ടികളാണ്. ചരിത്രം സൃഷ്ടിയ്ക്കുമ്പോൾ സാമൂഹ്യ വളർച്ചയുടെ നിയമങ്ങളേയും സാമൂഹ്യസാഹചര്യങ്ങളേയും കണക്കിലെടുക്കണമെന്നതു ശരിതന്നെ, എന്തെന്നാൽ സാമൂഹ്യനിയമങ്ങൾ വ്യക്തിയുടെ ഇച്ഛാശക്തിയിൽ നിന്നു സ്വതന്ത്രങ്ങളായിട്ടാണ് പ്രവർത്തിയ്ക്കുന്നത്. അതുകൊണ്ടുതന്നെ സാമൂഹ്യനിയമങ്ങളെ വെല്ലുവിളിയ്ക്കുന്ന ആശയാഭിലാഷങ്ങൾ മുരടിച്ചുപോവുകയേ ഉള്ളൂ. ഉദാഹരണത്തിന് 1789-ൽ നിന്നുകൊണ്ട് 1917നെ സൃഷ്ടിക്കുക സാധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ചൂഷണവും മർദ്ദനവുമില്ലാത്ത വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിയ്ക്കാൻ കഴിയത്തക്കവണ്ണം സാമൂഹ്യോൽപ്പാദനശക്തികൾ അത്രയ്ക്ക് വളർന്ന് കഴിഞ്ഞിരുന്നില്ല. അതുകൊണ്ടത്രേ ബേബൂഫിനെപ്പോലുള്ള വിപ്ലവകാരികളുടെ സ്വപ്നങ്ങൾ തകർന്നുപോയത്. വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങൾ സഫലമാവണമെങ്കിൽ അവ സാമൂഹ്യവളർച്ചയുടെ നിയമങ്ങൾക്ക് പൊരുത്തപ്പെട്ടവയായിരിക്കണം എന്നാണിതു കാണിയ്ക്കുന്നത്. എന്നാൽ ഇതിന്റെ അർത്ഥം വ്യക്തിയുടെ ഓരോ പ്രവർത്തനവും സാമൂഹ്യനിയമങ്ങളാൽ നിർണയിക്കപ്പെടുന്നുവെന്നല്ല, സാമൂഹ്യനിയമങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും മുൻകയ്യിനേയും നശിപ്പിയ്ക്കുന്നില്ല. സാമൂഹ്യസാഹചര്യങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ട് തന്റെ വ്യക്തിപരമായ സ്വാതന്ത്ര്യബോധത്തിന് രൂപം നൽകാൻ അവന് സാധിയ്ക്കും. വ്യക്തമായ ഒരു സാമൂഹ്യദർശനത്തിനു വേണ്ടി പ്രവർത്തിയ്ക്കാനോ പ്രവർത്തിയ്ക്കാതിരിക്കാനോ അവന് സ്വാതന്ത്ര്യമുണ്ട്. വേണമെങ്കിൽ പണത്തിന്റെ പ്രലോഭനങ്ങൾക്കു വഴങ്ങുകയോ ലോക്കപ്പുമുറികളുടെ ഭീഷണിയ്ക്കുമുമ്പിൽ മുട്ടുകുത്തുകയോ ചെയ്യാം. മുപ്പതുവെള്ളിക്കാശിനുവേണ്ടി സഹപ്രവർത്തകനെ ഒറ്റികൊടുക്കാം. അതല്ല, പ്രലോഭനങ്ങളേയും ഭീഷണികളെയും വകവയ്ക്കാതെ സ്വന്തം ആദർശത്തിലുറച്ചുനിൽക്കണമെങ്കിൽ അങ്ങിനെയുമാവാം. ആദർശത്തിന് വേണ്ടി സ്വന്തം താൽപര്യങ്ങളെ ബലികഴിയ്ക്കാൻ വിടർന്ന പുഞ്ചിരിയുമായി തൂക്കുമരത്തിലേറാനും അവനു സ്വാതന്ത്ര്യമുണ്ട്. ഏതുമാർഗം സ്വീകരിയ്ക്കണമെന്നത് സാമൂഹ്യനിയമങ്ങളെയല്ല വ്യക്തിയുടെ സ്വന്തം ഇഷ്ടത്തെയാണാശ്രയിച്ചിരിക്കുന്നത്.

സാമൂഹ്യചരിത്രത്തിൽ വ്യക്തിയുടെ ബോധപൂർവമായ പങ്കിനെക്കുറിച്ച് ഏംഗെൽസ് ഇങ്ങനെ വിവരിക്കുന്നു:

> “…മുഖ്യമായ ഒരു കാര്യത്തിൽ സമുദായത്തിന്റെ ചരിത്രം പ്രകൃതിയുടേതിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു എന്നു കാണാം. പ്രകൃതിയിൽ, അതിന്റെമേൽ മനുഷ്യനുള്ള പ്രത്യാഘാതങ്ങളെ അവഗണിക്കുന്നതായാൽ — പരസ്പരം പ്രവർത്തിക്കുന്ന അന്ധവും അബോധവുമായ ഘടകങ്ങൾ മാത്രമേയുള്ളൂ. അവയുടെ പരസ്പര പ്രവർത്തനങ്ങളിലൂടെയാണ് സാമാന്യനിയമം പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിയിൽ സംഭവിക്കുന്ന യാതൊന്നും തന്നെ വസ്തുക്കളുടെ ഉപരിതലത്തിൽ കാണാവുന്ന എണ്ണമറ്റ യാദൃശ്ചികസംഭവങ്ങളാകട്ടെ, ഈ യാദൃശ്ചികതകളുടെ പിന്നിൽ ഒരു ക്രമമുണ്ടെന്നു തെളിയിക്കുന്ന അന്തിമഫലങ്ങളാകട്ടെ — പ്രത്യക്ഷപ്പെടുന്നത് ബോധപൂർവ്വം അഭിലഷിക്കപ്പെടുന്ന ഒരു ലക്ഷ്യമെന്ന നിലയ്ക്കല്ല. സമുദായത്തിന്റെ ചരിത്രത്തിൽ നേരെമറിച്ച് നടൻമാരെല്ലാം ബോധമുള്ളവരാണ്. ദൃഢതയും വികാരവായ്പുള്ളവരും നിശ്ചിതമായ ലക്ഷ്യങ്ങളെ ഉന്നംവച്ചുകൊണ്ട് പ്രവർത്തിക്കുന്നവരും ആയ മനുഷ്യരാണ്. ബോധപൂർവ്വമായ ഒരുദ്ദേശ്യം കൂടാതെ ഉദ്ദിഷ്ടമായ ഒരു ലക്ഷ്യം കൂടാതെ, യാതൊന്നും സംഭവിയ്ക്കുന്നില്ല. ഈ വ്യത്യാസം ചരിത്രഗവേഷണത്തിന്, പ്രത്യേകിച്ചും ഒറ്റപ്പെട്ടകാലഘട്ടങ്ങളേയും സംഭവങ്ങളുടേയും പഠനത്തിന് വളരെ പ്രധാനമാണ്. എങ്കിലും ആന്തരികമായ സാമാന്യനിയമങ്ങളാണ് ചരിത്രത്തിന്റെ ഗതിയെ നിർണ്ണയിക്കുന്നത് എന്ന വസ്തുതയെ മാറ്റാനും അതിന് സാധ്യമല്ല.” (സിലക്റ്റഡ് വർക്ക്സ് II എന്ന പുസ്തകത്തിൽ).

പട്ടിണിയും കഷ്ടപ്പാടും തിൻമകൾക്കു പ്രചോദനം നൽകുമെന്നു മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. പട്ടിണിയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി മോഷണമോ വ്യഭിചാരമോ നടത്തുന്നവരുണ്ട്. എന്നാൽ, മോഷണവും വ്യഭിചാരവും പട്ടിണിയുടെ അനിവാര്യഫലങ്ങളാണെന്ന് പറയാമോ? പാടില്ല. പട്ടിണിയുടെ തീച്ചൂളയിൽ കിടന്നു നരകിയ്ക്കുന്ന ലക്ഷക്കണക്കിനാളുകൾ മോഷ്ടിക്കാനോ വ്യഭിചരിക്കാനോ പോകാറില്ല. എല്ലാവരും പട്ടിണിയുടെ പ്രേരണയ്ക്ക് വശംവദരായി മോഷ്ടിക്കാൻ പുറപ്പെട്ടാലത്തെ സ്ഥിതി എന്താവും. മോഷ്ടിക്കണോ, മോഷ്ടിയ്ക്കാതിരിക്കണോ, വ്യഭിചരിക്കണോ, വ്യഭിചരിയ്ക്കാതിരിക്കണോ, ഇത് തീരുമാനിക്കുന്നത് സാമൂഹ്യസാഹചര്യങ്ങളല്ല, വ്യക്തിയാണ്.

## വ്യക്തിയും വർഗബന്ധങ്ങളും

ഭൗതികസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഒരു വശത്ത്, പരമ്പരാഗതങ്ങളായ സ്വഭാവവൈശിഷ്ട്യങ്ങളും സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയിൽ നിന്നുടലെടുത്ത സാംസ്കാരികബോധവും മറുവശത്ത്. ഈ വ്യത്യസ്തഘടകങ്ങളുടെ വൈരുദ്ധ്യങ്ങൾ ചിലപ്പോൾ മാനസിക സംഘട്ടനങ്ങളുളവാക്കാം. പോലീസിന്റെ ഇടികൊള്ളുമ്പോൾ, അല്ലെങ്കിൽ പണസഞ്ചിയുടെ പ്രലോഭനമുണ്ടാകുമ്പോൾ, വ്യക്തിയുടെ ആന്തരികമായ ദ്വന്ദ്വഭാവങ്ങൾ പരസ്പരം യുദ്ധം വെട്ടുന്നു. ഈ സംഘട്ടനങ്ങളിലൂടെയാണ് ഒടുവിൽ ഭീരുത്വമോ, ധീരതയോ, അവസരവാദമോ, ആദർശഭക്തിയോ ഏതാണ് വേണ്ടത് എന്ന് തീരുമാനിയ്ക്കപ്പെടുന്നത്.

ദുർബലമായ ആത്മാവ് പ്രലോഭനങ്ങൾക്കും പ്രേരണകൾക്കും കീഴടങ്ങുന്നു. പക്ഷേ, കീഴടങ്ങലിൽ ആഹ്ലാദമല്ല, ദുഃഖമാണുണ്ടാകുന്നത്. അരുതാത്തതു ചെയ്യുമ്പോൾ കൈവിറയ്ക്കുന്നു. തെറ്റു ചെയ്തതിനുശേഷം പശ്ചാത്തപിയ്ക്കുന്നു. സാമൂഹ്യമായ ഉത്തരവാദിത്വബോധവും വ്യക്തിപരമായ ചാഞ്ചല്യവും തമ്മിലുള്ള സംഘട്ടനങ്ങളുടെ പ്രതിഫലനങ്ങളാണിവ.

മനുഷ്യൻ ഭൗതിക പരിതഃസ്ഥിതികളുടെ സൃഷ്ടിയാണ്. പ്രകൃതിയോടും സമുദായത്തോടുമുള്ള ബന്ധങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. പക്ഷേ, അതേ സമയത്തുതന്നെ മനുഷ്യൻ പരിതഃസ്ഥിതികളെ രൂപപ്പെടുത്തുകയും ചെയ്യുന്നു. പരിതഃസ്ഥിതികൾ മനുഷ്യനെ സൃഷ്ടിയ്ക്കുന്നു. മനുഷ്യനാകട്ടെ പരിതഃസ്ഥിതികളെയും സൃഷ്ടിക്കുന്നു.

വ്യക്തിയുടെ ആശയാഭിലാഷങ്ങളുടെയും സ്വഭാവങ്ങളുടെയും രൂപവൽക്കരണത്തിൽ ഭൗതികപരിതഃസ്ഥിതികൾ വഹിയ്ക്കുന്ന പങ്ക് നിസ്സാരമല്ല. ഉൽപാദനവ്യവസ്ഥയിൽ ഓരോ വർഗത്തിനും പ്രത്യേകമായ ഭൗതികതാൽപര്യങ്ങളുണ്ടായിരിക്കും. മുതലാളികളുടെ താൽപര്യങ്ങളും തൊഴിലാളികളുടെ താൽപര്യങ്ങളും വ്യത്യസ്തങ്ങളാണ്. ഭൗതികതാൽപര്യങ്ങളാണ് വ്യത്യസ്ത ജനവിഭാഗങ്ങളെ വർഗ്ഗങ്ങളാക്കി വേർതിരിക്കുകയും യോജിപ്പിച്ചണിനിരത്തുകയും ചെയ്യുന്നത്. സ്വന്തം വർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി സംഘടിച്ചുപോരാടുകയെന്നത് ഓരോ വ്യക്തിയുടെയും താൽപ്പര്യമായിരുന്നു. ഇങ്ങനെ വർഗ്ഗത്തിലെ എല്ലാ അംഗങ്ങൾക്കും ചില പൊതുതാൽപര്യങ്ങളുണ്ടായിത്തീരുന്നു. ഓരോ വർഗ്ഗത്തിലും ആധിപത്യം വഹിയ്ക്കുന്ന പൊതുചിന്താഗതികളും പൊതുവിലുള്ള ഇഷ്ടാനിഷ്ടങ്ങളും രൂപം കൊള്ളുന്നു.

എന്നാൽ, അതോടൊപ്പം തന്നെ മറ്റുചില ഘടകങ്ങളും പ്രവർത്തിയ്ക്കുന്നുണ്ടെന്ന് കാണാം. ചുറ്റുപാടുകൾ, സുഹൃത്തുക്കളുമായുള്ള ബന്ധങ്ങൾ, കുടുംബബന്ധങ്ങൾ, ഔദ്യോഗിക ബന്ധങ്ങൾ, വിദ്യാഭ്യാസം, പുസ്തകങ്ങൾ, സിനിമ എന്നിങ്ങനെ പലതും വ്യക്തിയുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നു. അവസാനം വ്യക്തി തന്നെയാണ് ഓരോ ഘട്ടത്തിലും എന്തുചെയ്യണമെന്ന് തീരുമാനിക്കുന്നത്. ഒരു ഭാഗത്ത് ഭൗതിക സാഹചര്യങ്ങളുടെയും വർഗതാൽപര്യങ്ങളുടെയും സമ്മർദ്ദങ്ങൾ, മറുഭാഗത്ത് മറ്റു ഘടകങ്ങളുടെ പ്രേരണകൾ. എല്ലായ്പ്പോഴും വർഗ്ഗതാൽപര്യങ്ങൾ വിജയിച്ചുകൊള്ളണമെന്നില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ വ്യക്തിപരമായ ചിന്തകളും ആഗ്രഹാഭിലാഷങ്ങളും ഇച്ഛാശക്തികളും ക്രിയാത്മകങ്ങളാണ്. അവ ഭൗതികസാഹചര്യങ്ങളുടെ അല്ലെങ്കിൽ വർഗബന്ധങ്ങളുടെ യാന്ത്രിക പ്രതിഫലനങ്ങളല്ല. പണിമുടക്കത്തിൽ പങ്കെടുക്കണോ, പങ്കെടുക്കാതിരിയ്ക്കണോ, കരിങ്കാലിയാവണോ വിപ്ലവകാരിയാവണോ സോഷ്യലിസത്തെ എതിർക്കണോ അനുകൂലിയ്ക്കണോ ഇതെല്ലാം വെറും വർഗ്ഗബന്ധംകൊണ്ടു മാത്രമല്ല തീരുമാനിയ്ക്കപ്പെടുന്നത്. എന്തു ചെയ്യണമെന്നും എന്തു ചെയ്യാതിരിക്കണമെന്നും വ്യക്തിപരമായി സ്വന്തം ഇഷ്ടമനുസരിച്ച് തീരുമാനിയ്ക്കാൻ ഓരോ മനുഷ്യനും സ്വാതന്ത്ര്യമുണ്ട്. മുതലാളിവർഗ്ഗത്തിൽ ജനിച്ചു എന്നതുകൊണ്ടുമാത്രം ഒരാൾ പിന്തിരിപ്പനായിക്കൊള്ളണമെന്നില്ല. തൊഴിലാളിവർഗ്ഗത്തിൽ ജനിയ്ക്കുന്ന എല്ലാവരും പുരോഗമനവാദികളായിക്കൊള്ളണമെന്നില്ല. എല്ലാ വർഗങ്ങൾക്കിടയിലും കാണാം പിന്തിരിപ്പൻമാരെയും പുരോഗമനവാദികളെയും. മർദ്ദിതവർഗ്ഗക്കാർക്കിടയിൽ കരിങ്കാലികളേയും വർഗ്ഗവഞ്ചകരേയും കാണാം. മറിച്ച് ഉയർന്ന വർഗ്ഗക്കാർക്കിടയിൽ സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരും ജനങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി പൊരുതുന്നവരുമുണ്ടാവാം. ബുദ്ധനും വിവേകാനന്ദനും മാർക്സും ലെനിനും ഗാന്ധിയും നെഹ്റുവും മറ്റും തൊഴിലാളിവർഗ്ഗത്തിൽ ജനിച്ചവരല്ലല്ലോ. ആദാം ഷാൽഫ് ‘മനുഷ്യന്റെ തത്വശാസ്ത്രം’ എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ “ഓരോ വർഗ്ഗത്തിനുള്ളിലും വിപ്ലവകാരികളേയും എതിർവിപ്ലവകാരികളേയും സാമൂഹ്യഘടനയുടെ കാര്യത്തിൽ വെറും നിഷ്പക്ഷത പാലിക്കുന്നവരേയും കാണാം. സാമൂഹ്യസംഭവങ്ങളോടുള്ള സമീപനത്തിൽ വ്യക്തികൾ ചരിത്രപരമായ ആവശ്യകതയെ വകവയ്ക്കാതെ സ്വതന്ത്രരായി എന്തുചെയ്യണമെന്ന് തീരുമാനിയ്ക്കുകയും സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്യുന്നുവെന്നതിനുള്ള ഏറ്റവും നല്ല തെളിവാണിത്.”

രാഷ്ട്രീയപാർട്ടികൾക്കകത്തും ഇതു കാണാം, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയബോധമുള്ള മുന്നണിപ്പടയാണല്ലോ കമമ്യൂണിസ്റ്റ് പാർട്ടി. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേർന്നു എന്നതുകൊണ്ടുമാത്രം ഒരാൾ തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവനായിക്കൊള്ളണമെന്നില്ല. വ്യക്തിയുടെ സ്വഭാവഗുണങ്ങളെ പാർട്ടികാർഡുകൊണ്ടുമാത്രം അളക്കാൻ കഴിയില്ല. മറ്റുപാർട്ടികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഉദാഹരണത്തിന്, കോൺഗ്രസ് പാർട്ടിയ്ക്കുള്ളിലും കാണാം നല്ല വ്യക്തികളേയും ചീത്ത വ്യക്തികളേയും, സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരേയും സോഷ്യലിസമെന്ന പദപ്രയോഗത്തിന്റെ മറവിലിരുന്നുകൊണ്ട് സ്വാർത്ഥതാൽപര്യങ്ങൾ നേടിയെടുക്കുന്നവരേയും. ഈ സ്ഥിതിക്ക് കമ്യൂണിസ്റ്റുകാർ മാത്രമേ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നും കോൺഗ്രസ് പാർട്ടിയിൽ അംഗമായിപ്പോയ ആർക്കും സോഷ്യലിസത്തിൽ വിശ്വസിക്കാൻ കഴിയില്ലെന്നും മറ്റുമുള്ള വാദങ്ങൾ അഹന്തയുടെ ബാലിശതകളാണ്.

# അഞ്ച്

മാർക്സിസം വ്യക്തികൾക്ക് സമുദായത്തിലുള്ള സ്ഥാനത്തെ നിഷേധിക്കുന്നില്ല. നേരെ മറിച്ച്, ചില സവിശേഷഗുണങ്ങളും സ്വഭാവവിശേഷങ്ങളും കഴിവുമുള്ള വ്യക്തികൾക്ക് ചരിത്രത്തിന്റെ ഭാഗധേയത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് അതുറപ്പിച്ചുപറയുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ആ സ്വാനീധശക്തി വമ്പിച്ചതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇങ്ങിനെ സമുദായത്തിൽ സ്വാധീനം ചെലുത്താനുള്ള സാധ്യത വ്യക്തികളുടെ കഴിവുകളേയും ഗുണങ്ങളെയും മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്. അത് സാമൂഹ്യഘടനയേയും സാമൂഹ്യശക്തികൾ തമ്മിലുള്ള ബന്ധങ്ങളേയും സാമൂഹ്യവളർച്ചയുടെ സാഹചര്യങ്ങളെയുമെല്ലാമാശ്രയിച്ചിരിക്കുന്നു.

മാർക്സിസത്തിന്റെ ഈ നിലപാടിനെ ലളിതമായ ഒരു ദാഹരണം കൊണ്ട് പ്ളെഖനോവ് ‘ചരിത്രത്തിൽ വ്യക്തിയുടെ പങ്ക്’ എന്ന തന്റെ പുസ്തകത്തിൽ വിശദീകരിക്കുകയുണ്ടായി.

> “പ്രത്യേക പ്രതിഭയോടുകൂടിയ ഒരു മനുഷ്യന് അതുപയോഗിച്ച് സംഭവഗതികളിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയണമെങ്കിൽ രണ്ട് ഉപാധികൾ ആവശ്യമാണ്. ഒന്നാമതായി, ഈ പ്രതിഭ അയാളെ മറ്റാരെക്കാളുമധികം, സാമൂഹ്യാവേശങ്ങളുമായി പൊരുത്തപ്പെടുത്തണം. സൈനികമായ സ്വന്തം പ്രതിഭാശക്തിക്കു പകരം സംഗീതത്തിലുള്ള ബീഥോവന്റെ കഴിവുകളാണ് നെപ്പോളിയനുണ്ടായിരുന്നതെങ്കിൽ അദ്ദേഹം ഒരു ചക്രവർത്തിയായിത്തീരുമായിരുന്നില്ല എന്നു തീർച്ചയാണ്. രണ്ടാമതായി ഒരു നിർദ്ദിഷ്ട സന്ദർഭത്തിൽ ഉപയോഗപ്രദവും അത്യാവശ്യവുമായിത്തീരുന്ന പ്രതിഭാശക്തി കൈവശമുള്ള മനുഷ്യനെ നിലവിലുള്ള സാമൂഹ്യഘടന തടഞ്ഞുനിർത്തരുത്. ഫ്രാൻസിന്റെ പഴയ സാമൂഹ്യഘടന ഒരെഴുപത്തഞ്ചു വർഷം കൂടി നിലനിന്നിരുന്നെങ്കിൽ അതേ നെപ്പോളിയൻ അജ്ഞാതനായ ഒരു ജനറൽ ആയി, വെറുമൊരു കേണൽ ബോണപ്പാർട്ട് ആയി മരിച്ചുപോയിട്ടുണ്ടാകുമായിരുന്നു.”

## ചരിത്രത്തിന്റെ പ്രേരകശക്തി

എന്നാൽ, ഏതാനും വ്യക്തികൾക്ക്, അവർ എത്രതന്നെ മഹാൻമാരും പ്രതിഭാശാലികളും ഉൽകൃഷ്ടഗുണങ്ങളുമുള്ളവരായിക്കൊള്ളട്ടെ, ബഹുജനങ്ങളുടെ പിൻബലമില്ലാതെ, ഒറ്റയ്ക്ക് സാമൂഹ്യപരിവർത്തനങ്ങളുണ്ടാക്കാൻ കഴിയില്ല. സംഭവങ്ങളുടെ ഉപരിതലത്തിൽ കാണപ്പെടുന്ന നേതാക്കൻമാർ ചരിത്രത്തിന്റെ പ്രേരകശക്തികളാണെന്നും അവരാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത് എന്നും ചിലപ്പോൾ തോന്നിപ്പോയേക്കാം. പക്ഷേ, യഥാർത്ഥത്തിൽ ബഹുജനങ്ങളാണ് സാമൂഹ്യ പരിവർത്തനങ്ങളുടെ പ്രേരകശക്തി ബഹുജനങ്ങളാണ്. ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത്. ഫ്രാൻസിൽ ഫ്യൂഡലിസം നശിപ്പിച്ച് മുതലാളിത്തം സ്ഥാപിച്ചത് റൂസ്സോ, വോൾട്ടയർ, റോബെസ് പിയർ, മാറാ തുടങ്ങിയ മഹാൻമാരായ ഏതാനും വ്യക്തികൾ മാത്രമല്ല. ലക്ഷക്കണക്കിലുള്ള സാധാരണക്കാരായ ബഹുജനങ്ങൾ പങ്കെടുത്ത് നടത്തിയ ഒരു സാമൂഹ്യവിപ്ലവത്തിന്റെ ഫലമായിരുന്നു അത്. കൃഷിക്കാർ, പട്ടാളക്കാർ, ഇടത്തരക്കാർ മുതലായ വിഭാഗങ്ങളുമായി യോജിച്ചുകൊണ്ട് തൊഴിലാളി ബഹുജനങ്ങൾ നടത്തിയ വിപ്ലവത്തിന്റെ ഫലമായിട്ടാണ് റഷ്യയിൽ സോഷ്യലിസം വിജയിച്ചത്. ബഹുജനങ്ങൾ നടത്തിയ ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളുടെ ഫലമായിട്ടാണ് ഇന്ത്യ സ്വതന്ത്രയായത്. വിപ്ലവസമരങ്ങളുടെ ഫലമായി അധികാരത്തിൽ വരുന്നത് ഏത് വർഗ്ഗമായാലും ശരി, ഏതു നേതാക്കൻമാരായാലും ശരി. എല്ലായിടത്തും അവയുടെ പ്രേരകശക്തി ബഹുജനങ്ങളാണ് എന്നു കാണാം.

പക്ഷേ, അതേസമയത്തു തന്നെ ബഹുജനങ്ങൾ മാത്രമുണ്ടായാൽ പോരാ, അവരെ ലക്ഷ്യത്തിലേക്ക് നയിക്കാൻ കെൽപ്പുള്ള നേതാക്കൻമാർ കൂടിയുണ്ടാവണം. ലെനിൻ ഉറപ്പിച്ചുപറഞ്ഞതുപോലെ ‘പ്രസ്ഥാനത്തെ സംഘടിപ്പിയ്ക്കാനും നയിക്കുവാനും കെൽപ്പുള്ള പരിപ

# ആറ്

കമ്മ്യൂണിസമെന്നുവച്ചാൽ "ഓരോരുത്തനിൽ നിന്നും അവന്റെ കഴിവനുസരിച്ച്, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്" എന്ന തത്വം നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികളെ വളർത്തുക എന്നതു മാത്രമല്ല അർത്ഥം. ഉൽപ്പാദനശക്തികളുടെ വളർച്ച ലക്ഷ്യമല്ല, മാർഗ്ഗമാണ്. മനുഷ്യനാണ് ലക്ഷ്യം. ആത്മീയമായ പരിപക്വതയോടുകൂടിയ ഉൽകൃഷ്ടമനുഷ്യരെ സൃഷ്ടിക്കുകയാണ് ഉന്നം. മറ്റൊരുവിധം പറഞ്ഞാൽ കമ്മ്യൂണിസത്തിന് വേണ്ടിയുള്ള സമരം ഉൽകൃഷ്ടങ്ങളായ പുതിയ മാനുഷികബന്ധങ്ങളെ സൃഷ്ടിക്കാൻ വേണ്ടിയുള്ള സമരമാണ്.

മനുഷ്യന്റെ വളർച്ചയ്ക്ക് മാനുഷികങ്ങളായ ജീവിതസാഹചര്യങ്ങൾ കൂടിയേ കഴിയൂ. ഉൽപ്പാദനബന്ധങ്ങളും വർഗ്ഗവ്യത്യാസങ്ങളും മറ്റും വെറും സാമ്പത്തികപ്രതിഭാസങ്ങൾ മാത്രമല്ല, മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെ സൃഷ്ടിക്കുന്ന ഘടകങ്ങൾ കൂടിയാണ്. മർദ്ദനവും ചൂഷണവുമില്ലാത്ത വർഗ്ഗരഹിതമായ സാമ്പത്തികവ്യവസ്ഥ സമുദായത്തിലെ മുഴുവൻ വ്യക്തികളുടേയും സർവ്വോത്മുഖമായ വളർച്ചയ്ക്കാവശ്യമായ ഉപാധികൾ സൃഷ്ടിക്കുന്നു. ഭൗതികസ്വത്തുക്കളുടെ സമൃദ്ധി ആത്മീയാഭിവൃദ്ധിയുടെ അടിത്തറയാണ്. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരം സമുദായത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഭൗതികസ്വത്തുക്കളുടെ ഉൽപ്പാദനം വർധിപ്പിക്കുന്ന കാര്യത്തിൽ പാർട്ടിമെമ്പറും ശ്രദ്ധിക്കണമെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സ് ആഹ്വാനം ചെയ്തത്.

> "കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിത്തറ സൃഷ്ടിക്കാൻവേണ്ടി പ്രവർത്തിക്കുക, അധ്വാനത്തോടുള്ള കമ്മ്യൂണിസ്റ്റ് സമീപനത്തിൽ ഒരു മാതൃകയായിത്തീരുക, ഉൽപ്പാദനക്ഷമതയുയർത്തുക, പുതുതും പുരോഗമനപരവുമായിട്ടുള്ളതിലെല്ലാം മുൻകയ്യെടുക്കുക, പരിഷ്കരിച്ച സാങ്കേതികമാർഗ്ഗങ്ങളെ പിന്താങ്ങുകയും പ്രചരിപ്പിയ്ക്കുകയും ചെയ്യുക, സാങ്കേതികരീതികൾ സ്വായത്തമാക്കുകയും വൈദഗ്ധ്യം വളർത്തുകയും ചെയ്യുക, സോവിയറ്റ് നാടിന്റെ അഭിവൃദ്ധിയുടേയും ശക്തിയുടെയും പ്രധാനാവലംബനമായ സോഷ്യലിസ്റ്റ് സ്വത്തുക്കളെ കാത്തുരക്ഷിക്കുകയും വർധിപ്പിക്കുകയും ചെയ്യുക. ഇതെല്ലാം ഓരോ പാർട്ടി മെമ്പറുടെയും കടമയാണ്."

## ഭൗതികപുരോഗതിയും ആത്മീയപുരോഗതിയും

എന്നാൽ, ഭക്ഷണവും വസ്ത്രവും പാർപ്പിടവും മറ്റ ഭൗതികസാമഗ്രികളും ഇഷ്ടംപോലെ കിട്ടാവുന്നതുകൊണ്ടുമാത്രം മനുഷ്യൻ തൃപ്തിപ്പെടുകയില്ല. മനുഷ്യന് ഭൗതികാവശ്യങ്ങളെന്നപോലെതന്നെ ആത്മീയാവശ്യങ്ങളുമുണ്ട്. ഭൗതികനിലവാരത്തിന്റെ ഉയർച്ച ആത്മീയവും ധാർമ്മികവുമായ നിലവാരത്തിന്റെ ഉയർച്ചയ്ക്കു വഴിതെളിയ്ക്കണം. പക്ഷേ, സാമ്പത്തികാഭിവൃദ്ധിയുടെ യാന്ത്രികമായ സൃഷ്ടിയല്ല ധാർമ്മികാഭിവൃദ്ധി. ജനങ്ങളുടെ ധാർമ്മിക നിലവാരമുയരണമെങ്കിൽ അവരെ നയിക്കുന്ന നേതാക്കൻമാരുടെ ധാർമ്മികനിലവാരമുയരണം. സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ജനങ്ങളെ കമ്മ്യൂണിസത്തിലേക്ക് നയിക്കുന്നത്. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഓരോ മെമ്പറുടെയും ജീവിതം ധാർമ്മികതയുടേയും സാൻമാർഗ്ഗികതയുടേയും ഒരു മാതൃകയായിത്തീരണം. ഇതു സാധിയ്ക്കണമെങ്കിൽ മാർക്സിന്റെ ലെനിനിസ്റ്റ് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യയശാസ്ത്രപരമായ സ്വന്തം നിലവാരം മേൽക്കുമേലുയർത്താൻ ഓരോ മെമ്പറും പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യമാണെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചട്ടങ്ങൾ ഊന്നിപ്പറയുന്നു.

'മാർക്സിസ്റ്റ് — ലെനിനിസ്റ്റ് തത്വങ്ങൾ സ്വായത്തമാക്കുകയും പ്രത്യയശാസ്ത്രപരമായ നിലവാരമുയർത്തുകയും കമ്മ്യൂണിസ്റ്റ് സമുദായത്തിലെ മനുഷ്യനെ രൂപപ്പെടുത്തുകയും അതിനുപറ്റിയ വിദ്യാഭ്യാസം അവനു നൽകുകയും ചെയ്യുക; ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെയും, സ്വകാര്യസ്വത്തുടമയുടേതായ മനഃശാസ്ത്രത്തിന്റെ അവശിഷ്ടങ്ങളേയും, ഭൂതകാലത്തിന്റെ മറ്റുച്ഛിഷ്ടങ്ങളേയും എല്ലാത്തരം പ്രകടനങ്ങളേയും എതിർക്കുക, കമ്മ്യൂണിസ്റ്റ് സദാചാരത്തിന്റെ നിയമങ്ങൾ പാലിയ്ക്കുക, പൊതുതാൽപര്യങ്ങൾക്ക് സ്വന്തം താൽപര്യങ്ങളേക്കാൾ പ്രാധാന്യം നൽകുക ഇതെല്ലാം ഓരോ പാർട്ടി മെമ്പറുടെയും കടമയാണ്.

അപ്പോൾ കമ്മ്യൂണിസം കെട്ടിപ്പടുക്കുക എന്നുവെച്ചാൽ ഭൗതികസ്വത്തുക്കൾ വർധിപ്പിക്കുക എന്നുമാത്രമല്ല അർത്ഥം. കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കാനുള്ള സമരം ഒരു പുതിയ മനുഷ്യനെ — കമ്മ്യൂണിസ്റ്റ് മനുഷ്യനെ സൃഷ്ടിക്കാനുള്ള സമരത്തിന്റെ അവിഭാജ്യഘടകമാണ്. മാനുഷികഗുണങ്ങളുടെ വിളനിലമായ സമ്പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുകയെന്നതാണ് കമ്മ്യൂണിസത്തിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം.

പക്ഷേ, ഉൽകൃഷ്ടമനുഷ്യർ നിറഞ്ഞ ഒരുൽക്കൃഷ്ട സമുദായം സൃഷ്ടിക്കണമെങ്കിൽ അതിനു നേതൃത്വം നൽകുന്നവരും ഉൽകൃഷ്ടരായിരിക്കണം. അതുകൊണ്ടാണ് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പാർട്ടി മെമ്പർമാരുടെ സ്വഭാവരൂപവൽക്കരണത്തിൽ അത്യധികം നിഷ്കർഷിക്കുന്നത്.

സാൻമാർഗ്ഗികബോധത്തിൽ മാറ്റമുണ്ടാകണമെങ്കിൽ സാമ്പത്തികവ്യവസ്ഥ മാറണമെന്നുപറയുന്നത് ശരിയാണ്. പക്ഷേ, ഇതിന്റെ അർത്ഥം സാമ്പത്തിക വ്യവസ്ഥ മാറിയാൽ സ്വയമേവ സാൻമാർഗ്ഗികബോധവും മാറിക്കൊള്ളുണമെന്നല്ല. സാമ്പത്തികാടിത്തറ മാറ്റാനെന്നപോലെത്തന്നെ സ്വഭാവശുദ്ധി കൈവരുത്താനും ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. സാമ്പത്തികാടിത്തറയെ മാറ്റിമറിക്കുക താരതമ്യേന എളുപ്പമാണ്. സ്വഭാവരൂപവൽക്കരണമാകട്ടെ കൂടുതൽ വിഷമംപിടിച്ചതാണ്. റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം കഴിഞ്ഞിട്ട് അര നൂറ്റാണ്ടായി. എന്നിട്ടും പുതിയ മാനുഷികബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള സാന്മാർഗ്ഗിക ബോധം സാർവ്വത്രികമായിക്കഴിഞ്ഞു എന്ന് പറയാറായിട്ടില്ല; മനുഷ്യന്റെ ചിന്താഗതിയിലും സ്വഭാവങ്ങളിലും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നു കാണാം. സാമൂഹ്യതാൽപ്പര്യങ്ങളുടെ മുകളിൽ സ്വാർത്ഥതാൽപര്യങ്ങളെ കയറ്റിയിരുത്തുന്നവരുണ്ട്, പൊതുമുതൽ അപഹരിക്കുന്നവരുണ്ട്, സങ്കുചിത സ്വാർത്ഥങ്ങൾക്കുവേണ്ടി സ്ഥാനമാനങ്ങളെ ഉപയോഗിക്കുന്നവരുണ്ട്. മുതലാളിത്ത വ്യവസ്ഥയിൽ കാണപ്പെടുന്ന അത്യധികം കുറ്റങ്ങളും, പാതകങ്ങളും, വിവാഹമോചനങ്ങളും, ആത്മഹത്യകളും ക്രൂരതകളും സമുദായദ്രോഹങ്ങളും സോഷ്യലിസ്റ്റ് വ്യവസ്ഥയിലില്ലെന്നുള്ളത് ശരിതന്നെ. എങ്കിലും, അധഃപതനവാസനകൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടിരിക്കുന്നു എന്നു പറയാറായിട്ടില്ല. സാധാരണ ജനങ്ങൾക്കിടയിൽ മാത്രമല്ല, കമ്മ്യൂണിസ്റ്റുകാർക്കിടയിൽപോലും 'പാർട്ടി മെമ്പർഷിപ്പിനെ ഒരു ഉപജീവനമാർഗമായി കണക്കാക്കുന്നവർ ഇപ്പോഴുമുണ്ടെന്ന് സമ്മതിച്ചേ തീരൂ' എന്ന് ഇരുപത്തിരണ്ടാം കോൺഗ്രസ് തുറന്നുപറയുകയുണ്ടായി. ഇത്തരം തഞ്ചംനോക്കികളിൽനിന്ന് പാർട്ടിയേയും സമുദായത്തേയും രക്ഷിക്കാൻ വേണ്ടി 22-ാം കോൺഗ്രസ് ധീരമായ ചില നടപടികൾ സ്വീകരിയ്ക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരുടെ പുനർവിദ്യാഭ്യാസമാണ് മുഖ്യമായ ഒരു പരിപാടി. ഓരോ പാർട്ടി മെമ്പറും തന്റെ ജീവിതത്തിൽ പുതിയ സാന്മാർഗ്ഗിക ബോധത്തിലടിയുറച്ച ഉൽകൃഷ്ടതകളും സ്വഭാവശുദ്ധിയും മേൽക്കുമേൽ വളർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വം പരിശ്രമിക്കണമെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റി റിപ്പോർട്ട് ആവശ്യപ്പെടുന്നു:

> "അദ്ധ്വാനത്തോടുള്ള കമ്മ്യൂണിസ്റ്റ് മനോഭാവം, പ്രത്യയശാസ്ത്രത്തോടുള്ള അങ്ങേയറ്റത്തെ കൂറ്, പൊതുഫണ്ടുകൾ തട്ടിയെടുക്കുന്നതിനോടും പരാന്നഭുക്കുകളായി ജീവിക്കുന്നതിനോടും മറ്റെല്ലാത്തരം ദൗർബല്യങ്ങളോടും വിട്ടുവീഴ്ചയില്ലാത്ത നിലപാട്. മറ്റുള്ളവരോട് ആദരവും, സഹതാപവും, പാർട്ടിയോടും ജനങ്ങളോടുമുള്ള കൂറ് എന്നീവക കാര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ മാതൃക കാണിയ്ക്കണമെന്ന് പാർട്ടി ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. കമ്മ്യൂണിസ്റ്റു സാൻമാർഗ്ഗികതബോധത്തിന്റെ ഉന്നതതത്വങ്ങൾ നടപ്പിൽവരുത്താൻ വേണ്ടിയുള്ള സമരത്തിൽ ഓരോ കമ്മ്യൂണിസ്റ്റുകാരനും ഒരു മാതൃകയായിത്തീരണം."

## കമ്യൂണിസ്റ്റ് സദാചാരം

എന്താണ് കമ്യൂണിസ്റ്റ് സാൻമാർഗ്ഗികബോധമെന്നുവച്ചാൽ? അതിൽ താഴെപ്പറയുന്ന സ്വഭാവഗുണങ്ങളുണ്ടായിരിക്കുന്നു എന്നു സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചട്ടങ്ങൾ ചൂണ്ടിക്കാണിയ്ക്കുന്നു.

- കമ്യൂണിസമെന്ന ലക്ഷ്യത്തോട് കൂറ്
- സ്വന്തം രാജ്യത്തോടും മറ്റ സോഷ്യലിസ്റ്റ് രാജ്യങ്ങളോടും സ്നേഹം.
- സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള നിർവ്യാവമയമായും പ്രവർത്തനം — പണിയെടുക്കാൻ കൂട്ടാക്കത്തനാരോ അവൻ ഭക്ഷിയ്ക്കരുത് എന്ന നിഷ്ഠ.
- സാമൂഹ്യസ്വത്ത് വർധിപ്പിയ്ക്കുന്നതിലും കാത്തുസൂക്ഷിയ്ക്കുന്നതിലും ശുഷ്കാന്തി.
- പൊതുജനങ്ങളോടുള്ള കർത്തവ്യത്തെക്കുറിച്ച് ഉന്നതമായ ബോധം; പൊതുതാൽപര്യങ്ങൾക്ക് ഹാനികരമായ പ്രവർത്തനങ്ങൾ പൊറുക്കാതിരിക്കൽ.
- കൂട്ടായ പ്രവർത്തനം; സൗഹാർദ്ദപരമായ പരസ്പര സഹായം, ഓരോരുത്തനും എല്ലാർക്കും വേണ്ടി, എല്ലാവരും ഓരോരുത്തനും വേണ്ടി.
- വ്യക്തികൾ തമ്മിൽ മനുഷ്യത്വപരമായ ബന്ധങ്ങളും പരസ്പരബഹുമാനവും: മനുഷ്യൻ മനുഷ്യന് സുഹൃത്തും സഖാവും സഹോദരനുമാണ്.
- സത്യസന്ധത, വിശ്വസ്തത, സാൻമാർഗ്ഗികമായ പരിശുദ്ധി, വിനയശീലം, പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും കപടനാട്യങ്ങളില്ലാതിരിക്കൽ.
- കുടുംബത്തിൽ നിന്നുള്ള പരസ്പരം ആദരവ്, കുട്ടികളെ പോറ്റിവളർത്തുന്നതിൽ ശുഷ്കാന്തി.
- അനീതി, പണിയെടുക്കാതെ പറ്റിത്തിന്നൽ, വിശ്വാസവഞ്ചന, തന്നെപ്പോറ്റിത്തരം എന്നിവയോട് സഹികേട്.
- സോവിയറ്റ് യൂണിയനിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിൽ സ്നേഹവും സൗഹാർദ്ദവും ദേശീയവിദ്വേഷം, വർണ്ണവിദ്വേഷം എന്നിവയോട് അസഹിഷ്ണുത.
- കമ്മ്യൂണിസത്തിന്റെ ശത്രുക്കളോടും സമാധാനത്തിന്റെ ശത്രുക്കളോടും ജനതകളുടെ സ്വാതന്ത്ര്യത്തെ എതിർക്കുന്നവരോടും അസഹ്യത.
- എല്ലാ നാടുകളിലുമുള്ള അധ്വാനിക്കുന്ന ജനങ്ങളുമായും എല്ലാ ജനതകളുമായും സൗഹാർദ്ദപരമായ ഐക്യം.

ഈ സ്വഭാവഗുണങ്ങൾ ദൈവദത്തങ്ങളായ വിധിനിഷേധങ്ങളല്ല. കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഭാഗങ്ങളാണ്. കമ്മ്യൂണിസമെന്നുവച്ചാൽ സ്വഭാവശുദ്ധിയും, ധാർമ്മികബോധവും മനുഷ്യസ്നേഹവും വിളയാടുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ്.

മുതലാളിത്തമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപ്പടുത്താൽ മനുഷ്യൻ സ്വയം നന്നായിക്കൊള്ളുമെന്നും മർദ്ദനവും ചൂഷണവും നിലനിൽക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലുള്ള സാൻമാർഗ്ഗികബോധം മാത്രമേ നിലനിൽക്കുകയുള്ളുവെന്നും മുതലാളിത്തവ്യവസ്ഥയിൽ മനുഷ്യൻ ചീത്തയാവാതെവയ്യ എന്നും മറ്റുമുള്ള പരിശുദ്ധ ഭോഷ്ക്കുകൾ മാർക്സിസത്തിനെതിരാണ്. മനുഷ്യന്റെ സാൻമാർഗ്ഗികബോധം ഒരൊറ്റ ദിവസം കൊണ്ടു സ്വയം പൊട്ടിമുളയ്ക്കുന്ന ഒരു പ്രതിഭാസമല്ല. പ്രാകൃതകാലം മുതൽക്കേ മനുഷ്യസമുദായം ആർജ്ജിച്ചുപോവുന്ന ആത്മീയോൽകൃഷ്ടതകളുടെ പാരമ്പര്യത്തിൽനിന്നാണ് കമ്മ്യൂണിസ്റ്റ് സമുദായത്തിലെ സാന്മാർഗികബോധം ഉടലെടുക്കുന്നത്. കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ ഭൗതികഘടകങ്ങളെന്നപോലെതന്നെ ആത്മീയഘടകങ്ങളും ആദ്യമായി മുതലാളിത്ത സമുദായത്തിലാണാവിർഭവിക്കുന്നത്. മുതലാളിത്തത്തിനെതിരായ തൊഴിലാളിവർഗ്ഗ സമരങ്ങളുടെ വളർച്ചയോടൊപ്പം കമ്മ്യൂണിസ്റ്റ് മനുഷ്യന്റെ സാന്മാർഗ്ഗികബോധവും വളരാൻ തുടങ്ങുന്നു. പക്ഷേ, അത് വളരുന്നത് യാന്ത്രികമായിട്ടല്ല ഒരു സാമ്പത്തികവ്യവസ്ഥപോയി മറ്റൊന്ന് രൂപമെടുക്കുമ്പോഴേയ്ക്കും പുതിയ സാന്മാർഗ്ഗികബോധം പടർന്നുപിടിക്കുന്നില്ല. നീണ്ടകാലത്തെ ബോധപൂർവമായ പരിശ്രമങ്ങളുടെ ഫലമാണിത്. അതുകൊണ്ടാണ് നാല് ദശാബ്ദത്തിലധികം കാലം സോഷ്യലിസം കെട്ടിപ്പടുത്തതിനുശേഷം ഒടുവിൽ വർഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായത്തിലേക്ക് കാലെടുത്ത് വയ്ക്കുന്ന ഒരു നാട്ടിൽപ്പോലും സ്വഭാവശുദ്ധിയുടെ കാര്യം അത്രമേൽ നിഷ്കർഷിക്കപ്പെടേണ്ടി വരുന്നത്.

## നേതൃത്വവും സ്വഭാവശുദ്ധിയും

കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ തുടങ്ങിയിട്ടുള്ള റഷ്യക്കാർക്ക് മാത്രമല്ല, മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി പൊരുതുന്ന ഏതു ജനതയ്ക്കും സ്വഭാവശുദ്ധിയോടുള്ള ഇത്തരമൊരു സമീപനം ആവശ്യമാണ്. ഇന്ത്യയുടെ കാര്യം തന്നെയെടുക്കാം. രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ ധാർമ്മികമൂല്യങ്ങളുമായി കൂട്ടിയിണക്കാൻ വേണ്ടി മഹാത്മാഗാന്ധി നടത്തിയ പരിശ്രമങ്ങളാണ് — ആ പരിശ്രമങ്ങൾക്ക് എന്തൊക്കെത്തന്നെ പരിമിതികളുണ്ടായിരുന്നുവെങ്കിലും ശരി — ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തെ മഹത്തായ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റിയത്. സ്വാതന്ത്ര്യം കിട്ടിയതോടുകൂടി പുതിയ ചില കർത്തവ്യങ്ങളുയർന്നുവന്നു. വ്യവസായവൽക്കരണം, കാർഷികപരിഷ്ക്കരണം, ജനങ്ങളുടെ ജീവിതത്തോതുയർത്തൽ, വിദ്യാഭ്യാസാഭിവൃദ്ധി മുതലായ പരിപാടികളിലൂടെ ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങി. ഏറെക്കഴിയുന്നതിനു മുമ്പായി ദേശീയ പുനർനിർമ്മാണത്തിന്റെ ലക്ഷ്യം സോഷ്യലിസമാണ് എന്ന് പ്രഖ്യാപിക്കപ്പെട്ടു.

പക്ഷേ, പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള അന്തരം, അനുദിനം വർദ്ധിക്കുകയാണുണ്ടായത്.

സോഷ്യലിസമെന്നാൽ മനുഷ്യനെ മനുഷ്യനിൽനിന്നകറ്റിനിർത്തുന്ന സ്വകാര്യസ്വത്തുടമയേയും വർഗവൈരുദ്ധ്യങ്ങളവസാനിപ്പിച്ച് ഉൽപ്പാദനോപകരണങ്ങളെ പൊതുവുടമയാക്കലുമാണ്. പക്ഷേ, സ്വകാര്യസ്വത്തുടമ ശക്തിപ്പെടുകയും, വർഗ്ഗവൈരുധ്യങ്ങൾ മൂർച്ഛിക്കുകയുമാണ് ചെയ്തത്.

സോഷ്യലിസമെന്നാൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമവസാനിയ്ക്കലാണ്. പക്ഷേ, അകൽച്ച കുറയലല്ല, വർധിക്കുകയാണ് ചെയ്തത്. സ്വത്തുക്കളുടെ കേന്ദ്രീകരണം ശിഥിലമാവുകയല്ല, കൂടുതൽ മുറുകുകയാണ് ചെയ്തത്.

ലക്ഷ്യം സോഷ്യലിസമാണ്. പക്ഷേ, മുതലാളിത്തമാണ് കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കലാണ് ലക്ഷ്യം. പക്ഷേ, ചൂഷണത്തെ നിലനിർത്തുന്ന ഭരണകൂടവും ഉദ്യോഗസ്ഥമേധാവിത്വം മുതലാളിത്ത ചിന്താഗതിയെ മുറുകെപ്പിടിക്കുന്ന നേതാക്കൻമാരുമാണ് തലപ്പത്തിരിക്കുന്നത്.

അസമത്വത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലുള്ള സ്വകാര്യസ്വത്തുക്കളുടെ മൃഗീയ സാഹചര്യങ്ങളവസാനിപ്പിച്ച് സമുദായത്തിന്റെ ആത്മീയോൽക്കർഷത്തിന്നൊഴിച്ചുകൂടാൻ വയ്യാത്ത മാനുഷിക സാഹചര്യങ്ങൾ സൃഷ്ടിയ്ക്കലാണ് ലക്ഷ്യം. പക്ഷേ, സമൂഹത്തിന്റെ ലക്ഷ്യവും വ്യക്തികളുടെ സ്വാർത്ഥോദ്ദേശ്യങ്ങളും തമ്മിൽ പൊരുത്തമില്ല. ഈ പൊരുത്തക്കേടാണ് ധാർമ്മികാധഃപതനത്തിന്റെ ഉറവിടം.

അപ്പോൾ സോഷ്യലിസമാണ് ലക്ഷ്യം എന്നു പ്രഖ്യാപിച്ചതുകൊണ്ടുമാത്രമായില്ല. സമുദായത്തിന്റെ ലക്ഷ്യമെന്തായിരിക്കണമെന്നതിനെപ്പറ്റിയും ആ ലക്ഷ്യം എങ്ങിനെ നേടാൻ കഴിയുമെന്നതിനെപ്പറ്റിയും വ്യക്തമായ ബോധമുണ്ടായാൽ മാത്രം പോരാ. ലക്ഷ്യത്തിലേയ്ക്കു ജനങ്ങളെ നയിക്കുന്ന നേതാക്കൻമാരുടെ ആത്മീയവും സാൻമാർഗികവുമായ നിലവാരമെന്ത് എന്നതാണ് മുഖ്യമായ പ്രശ്നം.

നയിക്കുക എന്നുവച്ചാൽ പത്രപ്രസ്താവനകൾ ചെയ്യുകയും മൈതാനപ്രസംഗങ്ങൾ നടത്തുകയും ചെയ്യുക എന്നു മാത്രമല്ല അർത്ഥം. സോഷ്യലിസമെന്ന മഹത്തായ ലക്ഷ്യത്തിന്റെ സൗന്ദര്യം ബഹുജനങ്ങളുടെ ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കുകയും ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ആവേശവും കഴിവും കരുത്തും ത്യാഗബോധവും അവരിലുളവാക്കുകയും ചെയ്യുക എന്നതാണ് പ്രധാനം. ഭൗതികവും ധാർമ്മികവുമായ പാപ്പരത്തത്തിൽ കഴിഞ്ഞുകൂടുന്ന നേതാക്കൻമാർക്ക് ഈ കടമ നിറവേറ്റാൻ കഴിയില്ല. ലക്ഷ്യത്തോട് അചഞ്ചലമായ കൂറും പ്രസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ താൽപര്യങ്ങളെ ബലികഴിക്കാനുള്ള ത്യാഗസന്നദ്ധതയും ഉന്നതമായ മനുഷ്യസ്നേഹവും സാമൂഹ്യവും ശാസ്ത്രീയവും സാങ്കേതികവുമായ അറിവു വർദ്ധിപ്പിക്കാനുള്ള പരിശ്രമശീലവും ഉയർന്ന സാൻമാർഗ്ഗിക സാംസ്കാരിക നിലവാരങ്ങളും പതർച്ചയില്ലാത്ത ആദർശനിഷ്ഠയും വിനയം, സത്യസന്ധത, ധീരത, ദയ തുടങ്ങിയ സ്വഭാവഗുണങ്ങളും എല്ലാമുള്ള വ്യക്തികൾക്കേ സോഷ്യലിസം പോലുള്ള മഹത്തായ ഒരു ലക്ഷ്യത്തിലേക്ക് ജനങ്ങളെ നയിക്കാൻ കഴിയുള്ളു.

അങ്ങിനെ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരം എല്ലാത്തരം മൃഗീയതകൾക്കുമെതിരായി മനുഷ്യത്വത്തെ ഊട്ടിവളർത്താനുള്ള സമരവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിയ്ക്കുന്നു. എന്തെന്നാൽ, മനുഷ്യത്വമുള്ള ജനങ്ങൾക്കേ മാനുഷികമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയൂ; ചീത്ത മനുഷ്യർക്ക് നല്ല സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ സാധിയ്ക്കില്ല. നല്ല സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ മുതിരുന്നവർ സ്വയം നല്ലവരായിരിക്കണം.

# ഏഴ്

ഒരു സാമൂഹ്യവ്യവസ്ഥ തകരുകയും പുതിയൊരു സാമൂഹ്യവ്യവസ്ഥ ഉയർന്നുവരികയും ചെയ്യുന്ന എല്ലാ കാലഘട്ടങ്ങളിലും മനുഷ്യന്റെ ഭാവിയെപ്പറ്റിയുള്ള സംശയങ്ങൾ പൊന്തിവരിക സാധാരണമാണ്. പഴയ മൂല്യങ്ങളുടെ തകർച്ച മാനുഷിക മൂല്യങ്ങളുടെ ആകെ തകർച്ചയായി കൊട്ടിഘോഷിക്കപ്പെടുന്നു. കാലഹരണപ്പെട്ടുകഴിഞ്ഞ പഴയ സാമൂഹ്യവ്യവസ്ഥയുടെ അധഃപതനം ധാർമ്മികമൂല്യങ്ങളുടെ അധഃപതനത്തെയാണ് കുറിക്കുന്നത് എന്ന് വിശ്വസിക്കപ്പെടുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ കാലത്ത് മാനുഷികമൂല്യങ്ങളാകെ ഇടിഞ്ഞുപൊളിഞ്ഞുവെന്ന് നാടുവാഴി പ്രഭുക്കളുടെ പ്രതിനിധികൾ വിലപിക്കുകയുണ്ടായി. അയിത്തം, ജാതിമേധാവിത്വം മുതലായ മൂല്യങ്ങളുടെ തകർച്ച സനാതനങ്ങളായ ധാർമ്മികമൂല്യങ്ങളുടെ തകർച്ചയാണെന്ന് കരുതപ്പെട്ടു. മുതലാളിത്തപരമായ സ്വത്തുടമബന്ധങ്ങൾ വെല്ലുവിളിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിലും ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സാമ്രാജ്യാധിപത്യത്തിന്റെ സാർവലൗകികമായ തകർച്ചയും മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ സാഹചര്യങ്ങളും മാനുഷികബന്ധങ്ങളുടെ മുന്നിൽ പുതിയ ചോദ്യചിഹ്നങ്ങളുയർത്തിപ്പിടിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിലുള്ള ജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളുടെ അടിത്തറ പിടിച്ചുകുലുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലോകമുതലാളിത്തം മരണശിക്ഷയ്ക്ക് വിധിയ്ക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സോഷ്യലിസത്തിന്റെ അനുദിനം വളർന്നുവരുന്ന സ്വാധീനശക്തി ചരിത്രത്തിന്റെ മനസ്സാക്ഷിയെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ പഴമയുടെ വൈതാളികൻമാർക്കിടയിൽ നിന്ന് ധാർമ്മികമൂല്യങ്ങളുടെ തകർച്ചയെപ്പറ്റിയുള്ള മുറവിളികൾ പൊന്തിവരിക സ്വാഭാവികം മാത്രമാണ്. ചുറ്റുപാടും അഴിമതികൾ, കൈക്കൂലികൾ, ചൂഷണങ്ങൾ, ലാഭക്കൊള്ളകൾ, അത്യാർത്തി, അഹങ്കാരം, കപടനാട്യങ്ങൾ! ഈ സാഹചര്യത്തിൽ സ്വാർത്ഥവും വഞ്ചനയും ക്രൂരതയും ബീഭത്സതയും മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്ന് പ്രഖ്യാപിയ്ക്കപ്പെടുന്നു. മനുഷ്യൻ പ്രകൃത്യാ ദുഷ്ടനും വഞ്ചകനും സ്വാർത്ഥമതിയുമാണെന്നും അവന്റെ ഹൃദയത്തിൽ മൃഗീയതയാണ് കുടിയിരിക്കുന്നത് എന്നും അവനൊരിയ്ക്കലും നന്നാവുകയില്ലെന്നും മറ്റുമുള്ള വാദങ്ങൾ ഉയർന്നുവരുന്നു. ഭൗതികമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്; ശാസ്ത്രം വളർന്നിട്ടുണ്ട്. പക്ഷേ, ഭൗതികാഭിവൃദ്ധിയും ശാസ്ത്രത്തിന്റെ വളർച്ചയും തിൻമകളെ തീറ്റിപ്പോറ്റുകമാത്രമാണ് ചെയ്തിട്ടുള്ളത് എന്നും ഭൗതികപുരോഗതിയ്ക്കുവേണ്ടിയുള്ള വെമ്പൽ ആത്മീയാധഃപതനത്തിനു വഴിതെളിച്ചിരിക്കുന്നുവെന്നും മറ്റും വാദിക്കപ്പെടുന്നു.

## മനുഷ്യൻ അധഃപതിക്കുകയാണോ?

പക്ഷേ, യഥാർത്ഥത്തിൽ മനുഷ്യസമുദായമാകെ, അധഃപതിച്ചുകൊണ്ടിരിക്കുകയാണോ? തീർച്ചയായുമല്ല. കുത്തകമുതലാളികളും കരിഞ്ചന്തക്കച്ചവടക്കാരും നാടുവാഴികളും ഉദ്യോഗസ്ഥമേധാവികളും അവർക്കു ശിങ്കിടിപാടി സ്വാർത്ഥം നേടുന്ന കൂളവൃന്ദങ്ങളും സ്ഥാനമാനങ്ങൾക്കുവേണ്ടി കടിപിടികൂടുന്ന രാഷ്ട്രീയനേതാക്കൻമാരുമാണ് അധഃപതനത്തിലേക്ക് ഊളിയിട്ടുകൊണ്ടിരിയ്ക്കുന്നത്. ചൂഷണാധിഷ്ഠിതമായ സ്വത്തുടമ വ്യവസ്ഥയുടെ പാപ്പരത്തമാണ് ധാർമ്മികാധഃപതനത്തിലൂടെ പ്രകടമാകുന്നത്.

ധാർമ്മികമൂല്യങ്ങളുടെ പ്രശ്നം എല്ലാറ്റിനുമുപരി ഒരു മാനുഷികപ്രശ്നമാണ്. മാനുഷികപ്രശ്നമാകട്ടെ സാമൂഹ്യപ്രശ്നങ്ങളുമായും സാമ്പത്തികരാഷ്ട്രീയ സാഹചര്യങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ സാമ്പത്തികരാഷ്ട്രീയ സാഹചര്യങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ മാനുഷികബന്ധങ്ങളിലും മനുഷ്യന്റെ ചിന്താമണ്ഡലത്തിലും സ്വഭാവഗുണങ്ങളിലുമെല്ലാം പ്രതിഫലിയ്ക്കുമെന്നു തീർച്ചയാണ്. ചൂഷണാധിഷ്ഠിതമായ മറ്റേതു സമുദായത്തിലും എന്നപോലെ മുതലാളിത്ത സമുദായത്തിലും മാനുഷികങ്ങളായ സാന്മാർഗ്ഗികബന്ധങ്ങളെ വികൃതമാക്കുകയും ഞെക്കിഞെരിക്കുകയും ചെയ്യുന്ന ഘടകങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. മുതലാളിത്തവും സാമ്രാജ്യത്വത്തിന്റേയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങളും ജനങ്ങളുടെമേൽ നാനാതരത്തിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തുന്നു. ഈ സാഹചര്യങ്ങളിൽ അടിപതറാതെ ജീവിയ്ക്കുക എളുപ്പമല്ല. അതുകൊണ്ട് സമുദായത്തിന്റെ മേൽനോട്ടത്തിലുള്ള വിഭാഗങ്ങളുടെ ചീത്തത്തരങ്ങളും അധഃപതനവാസനകളും കുറേയൊക്കെ കീഴോട്ടും പടർന്നുപിടിയ്ക്കുമെന്നത് സ്വാഭാവികം മാത്രമാണ്.

പക്ഷേ, ഇതിന്റെ അർത്ഥം സമുദായമാകെ അധഃപതിയ്ക്കുന്നുവെന്നല്ല. ഫ്യൂഡലിസത്തിനോ മുതലാളിത്തത്തിനോ ദുഷിപ്പിയ്ക്കാൻ കഴിയാത്ത കോടിക്കണക്കിലുള്ള ജനങ്ങളുണ്ട്. സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും അവർ കീഴടങ്ങുന്നില്ല. ചൂഷണവ്യവസ്ഥയുടെ ബീഭത്സതകൾക്ക് അവരുടെ മാനുഷികതയെ ഇടിച്ചുതകർക്കാൻ കഴിയുന്നില്ല. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളിൽ എല്ലാ മനുഷ്യരും മോഷണത്തിനോ വ്യഭിചാരത്തിനോ മുതിരാറുണ്ടോ? ഒരു വലിയ പണക്കാരനെ രാത്രി സമയത്തെങ്ങാനും ഒറ്റയ്ക്ക് കണ്ടുകിട്ടിയാൽ നിങ്ങളയാളെ കൊലചെയ്ത് പണം തട്ടിക്കൊണ്ടുപോകാൻ മുതിരുമോ? എത്രതന്നെ ദാരിദ്ര്യമുണ്ടെങ്കിലും മോഷണത്തിനോ കൊലപാതകത്തിനോ ഒരിയ്ക്കലും സന്നദ്ധരാകാത്ത ലക്ഷക്കണക്കിനാളുകളെ നമ്മൾ കാണാറില്ലേ? അവർ കക്കുകയോ കൊലനടത്തുകയോ ചെയ്യാത്തതെന്തുകൊണ്ടാണ്? പോലീസുകാർ അറസ്റ്റുചെയ്യുമെന്ന പേടികൊണ്ടാണോ? അങ്ങിനെയാണെങ്കിൽ പോലീസ് അടുത്തെങ്ങുമില്ലെന്ന് ബോധ്യമായാൽ കവർച്ചയ്ക്കും കൊലപാതകത്തിനും ആളുകൾ തയ്യാറാവുമോ? ഇല്ല എന്തുകൊണ്ട്? ഭീരുത്വം കൊണ്ടാണോ? അല്ല പിന്നെയോ? തലമുറയതലമുറയായി സമാർജ്ജിച്ചുപോന്ന സാന്മാർഗ്ഗികബോധത്തിന്റെ ശക്തികൊണ്ട്: ധാർമ്മികമൂല്യങ്ങളിലുള്ള വിശ്വാസംകൊണ്ട്. തോണിമറഞ്ഞു വെള്ളത്തിൽവീണ അജ്ഞാതബാലനെ രക്ഷിക്കാൻ വേണ്ടി സ്വന്തം ജീവനെപ്പോലും ബലികഴിയ്ക്കുന്നവരില്ലേ? സ്വന്തം കുട്ടിയ്ക്കു ഫീസുകൊടുക്കാൻ വേണ്ടി സൂക്ഷിച്ചുവച്ച പണം അയൽവീട്ടിലെ രോഗിയുടെ ചികിത്സയ്ക്കുവേണ്ടി എടുത്തുകൊടുക്കുന്നവരില്ലേ? മറ്റുള്ളവരുടെ കഷ്ടപ്പാടുകളിൽ മനസ്സലിയുന്നവരില്ലേ? എത്രതന്നെ പ്രലോഭനങ്ങളുണ്ടായാലും കൈക്കൂലി വാങ്ങാനോ അന്യരെ വഞ്ചിയ്ക്കാനോ കൂട്ടാക്കത്തവരില്ലേ? പൊതുതാൽപ്പര്യങ്ങൾക്കുവേണ്ടി സ്വാർത്ഥതാൽപ്പര്യങ്ങളെ ബലികഴിയ്ക്കുന്നവരില്ലേ; അടിമത്തവും പട്ടിണിയും സൃഷ്ടിയ്ക്കുന്ന സാമൂഹ്യസാഹചര്യങ്ങളോട് വെറുപ്പുതോന്നുന്നവരില്ലേ? ഉന്നതങ്ങളായ മാനുഷികാദർശങ്ങൾക്കുവേണ്ടി എന്തുത്യാഗവും ചെയ്യാൻ സന്നദ്ധരാകുന്നവരില്ലേ? ഉണ്ട്, ധാരാളമുണ്ട്, പ്രത്യേകിച്ചും അധ്വാനിച്ച് ഉപജീവനം കഴിയ്ക്കുന്ന തൊഴിലാളികൾ, കൃഷിക്കാർ, പുരോഗമനവാദികളായ ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങൾക്കിടയിൽ. മനുഷ്യസമുദായമാകെ ധാർമ്മികാധഃപതനത്തിന്റെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണെന്നു പറയുന്നവർ നുണയാണ് പറയുന്നത്. മനുഷ്യൻ പ്രകൃത്യാ ചീത്തയാണെന്നും സ്വാർത്ഥത, വഞ്ചന, ക്രൂരത മുതലായവ മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്നും പറയുന്നവർ നേരല്ല പറയുന്നത്. മനുഷ്യൻ ഒരിക്കലും മൃഗമായിരുന്നിട്ടില്ല. ചൂഷണവ്യവസ്ഥകളുടെ മൃഗീയസാഹചര്യങ്ങൾ അവന്റെ മാനുഷികതകളെ വളച്ചൊടിയ്ക്കുകയും വികൃതമാക്കുകയും ചെയ്യുന്നുവെന്നതു ശരിയാണ്. പ്രതികൂലസാഹചര്യങ്ങൾ അവന്റെ മനുഷ്യത്വത്തെ മുരടിപ്പിക്കുന്നുവെന്നതും ശരിയാണ്. പക്ഷേ, എല്ലാത്തരം പ്രതികൂലസാഹചര്യങ്ങളോടുമെതിരിട്ടുകൊണ്ട് നൂറ്റാണ്ടുകളിലൂടെ നിലനിന്നു വന്നിട്ടുള്ള മൗലികങ്ങളായ മാനുഷികഗുണങ്ങളുടെ ഉറവുകൾ വറ്റിക്കഴിഞ്ഞിട്ടില്ല. ബീഭത്സങ്ങളായ അസാൻമാർഗ്ഗികതകളുടെ ഒത്തനടുക്കുനിന്നുകൊണ്ടുതന്നെ സ്വന്തം മാനുഷികതയെ കാത്തുരക്ഷിക്കാനും മറ്റുള്ളവരുടെ ധാർമ്മികബോധത്തെ തട്ടിയുയർത്താനുമുള്ള മനുഷ്യന്റെ കഴിവുകൾ കൈമോശം വന്നുപോയിട്ടില്ല. ആത്മീയശക്തി നഷ്ടപ്പെട്ട ദുർബ്ബലഹൃദയൻമാർ സമ്മർദ്ദങ്ങളോടും പ്രലോഭനങ്ങളോടും നേരിടാൻ കഴിയാതെ ചീത്തത്തങ്ങൾക്കു കീഴടങ്ങുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. പക്ഷേ, അതേസമയത്തുതന്നെ സാഹചര്യങ്ങളുടെ ആത്മീയത്തകർച്ചകളിലേക്ക് കാലിടറിവീഴാതെ മാനുഷികമായ ഉൽകൃഷ്ടതകളെ ഉയർത്തിപ്പിടിയ്ക്കുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യവും വിസ്മരിച്ചുകൂടാ. ചൂഷകവർഗ്ഗക്കാരും അവരെ ചുറ്റിപ്പറ്റിനിൽക്കുന്ന ക്ഷുദ്രജീവികളും ധാർമ്മികാധഃപതനത്തെ കെട്ടിപ്പുണരുമ്പോൾ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ മനഃസാക്ഷി അസാന്മാർഗ്ഗികതകൾക്കെതിരായി ഇളകിമറിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ആത്മീയമായ പാപ്പരത്തത്തിനു മുമ്പിൽ അവർ മുട്ടുകുത്തുന്നില്ല. അവർ സാഹചര്യങ്ങൾക്കു കീഴടങ്ങുന്നവരല്ല, സാഹചര്യങ്ങളെ സൃഷ്ടിക്കുന്നവരാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സാഹചര്യങ്ങളെ മാറ്റിമറിയ്ക്കാനും മനുഷ്യസമുദായത്തിന്റെ ഭാവിയെ രൂപപ്പെടുത്താനുമുള്ള അവരുടെ കഴിവുകൾ നശിച്ചുപോയിട്ടില്ല. പണപ്പെട്ടികളുടെ അസാന്മാർഗ്ഗിതകളേയും അധികാരസ്ഥാനങ്ങളുടെ ആത്മീയപാപ്പരത്തത്തേയും അവരൊരിയ്ക്കലും ന്യായീകരിക്കുന്നില്ല. ചുറ്റുപാടുമുള്ള കപടനാട്യങ്ങളും വഞ്ചനകളും അവരെ അസ്വസ്ഥരാക്കുന്നു: അധാർമ്മികതകളെ സൃഷ്ടിക്കുന്ന മൃഗീയ സാഹചര്യങ്ങളെ മാറ്റാനും ഉത്കൃഷ്ടതകൾക്കു വളരാൻ പറ്റിയ മാനുഷിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അവൻ വെമ്പൽകൊള്ളുന്നു. ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കുമെതിരായ തങ്ങളുടെ ദൈനംദിന സമരങ്ങളെ അസ്സാൻമാർഗ്ഗികതകൾക്കെതിരായ സമരങ്ങളുമായി കൂട്ടിയിണക്കുവാൻ അവർ പരിശ്രമിക്കുന്നു. ഭാവിയിൽ ഉറച്ചവിശ്വാസവും ഉന്നതാദർശങ്ങളോടു കൂറുമുള്ള ഈ ജനകോടികളാണ് പുതിയ സാമൂഹ്യസാഹചര്യങ്ങളുടെ നിർമ്മാതാക്കൾ. മനുഷ്യസമുദായത്തിന്റെ പുരോഗതിയ്ക്കും പുതിയൊരു സാമൂഹ്യനീതിയ്ക്കുംവേണ്ടി പടവെട്ടിക്കൊണ്ടിരിയ്ക്കുന്ന ഈ ജനകോടികൾ തന്നെയാണ്, സമുദായത്തെ മലീമസമാക്കിക്കൊണ്ടിരിയ്ക്കുന്ന അധഃപതനപ്രവണതകളെ എന്നെന്നേയ്ക്കുമായി തുടച്ചുനീക്കാൻ കഴിയുമെന്നതിനുള്ള ഏറ്റവും മുഖ്യമായ ഉറപ്പ്.

എന്നാൽ അസാൻമാർഗ്ഗികതൾക്കെതിരായ ഈ ജനകീയ പ്രവണതകൾ ചിന്നിച്ചിതറിക്കിടക്കുകയാണ്. അവയ്ക്ക് സംഘടിതമായ ഒരു രൂപം നൽകുകയാണ് ധാർമ്മികമൂല്യങ്ങളിൽ വിശ്വസിയ്ക്കുന്നവരുടെ കടമ.

ആദ്യപതിപ്പ് 1965, ഏപ്രിൽ

രണ്ടാപതിപ്പ് 1980 മാർച്ച്

പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 3

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. സാമൂഹ്യ പരിവർത്തനങ്ങൾ
2. രണ്ടു ലോകങ്ങൾ
3. വ്യക്തിയും പ്രസ്ഥാനവും
4. സ്ത്രീയും പുരുഷനും
5. ധാർമ്മിക മൂല്യങ്ങൾ
6. മാർക്സിസവും ഭൗതികവാദവും
7. മാർക്സിസവും മതവിശ്വാസവും
8. യേശുക്രിസ്തു മോസ്കോവിൽതന്നെ
9. ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ?
10. പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും
11. പള്ളിക്കൂടത്തിലെ പ്രാർത്ഥന
12. അടിമത്തവും ക്രിസ്ത്യാനികളും
13. മാർക്സ് മുതൽ സ്റ്റാലിൻ വരെ
14. ലെനിന്റെ സംഭാവനകൾ
15. ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി
16. തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014